# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1960 ഡിസമ്പർ | ലക്കം 8 |
| --- | --- | --- |

## പ്രാർത്ഥന

അർക്കാനലാദി വെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിന്നുകണ്ണുമനമാകുന്ന കണ്ണതിന്നു
കണ്ണായിരുന്ന പൊരുളാം താനെന്നുറയ്ക്കുമള-
വാനന്ദമെന്തു! ഹരിനാരായണായ നമഃ

— * —

## ആചാര്യസൂക്തികൾ

### ദേഹം അനിത്യം

പഞ്ചഭൂതാത്മകം ദേഹമേററം ജഡം
സഞ്ചിതം ത്വങ്മാംസ രക്താസ്ഥികൊണ്ടെടോ!
നിശ്ശേഷകാഷ്ഠതുല്യം ദേഹമോർക്കനീ
നിശ്ചയമാത്മാവു ജീവൻ നിരാമയൻ
ഇല്ലജനനം മരണവുമില്ലകേ-
ളില്ലല്ലുണ്ടാകായ്കതു നിനച്ചേതുമേ
നില്ക്കയുമില്ല നടക്കയുമില്ലകേൾ
ദുഃഖവിഷയവുമല്ലതു കേവലം
സ്ത്രീപുരുഷക്ലീബ ഭേദങ്ങളുമില്ലാ
താപശീതാദിയുമില്ലെന്നറികനീ
സർവ്വഗൻ ജീവനേകൻ പരനദ്വയ-
നവ്യയനാകാശതുല്യനലേപകൻ
ശുദ്ധമായ് നിത്യമായ് ജ്ഞാനാത്മകമായ
തത്വമോരാത്തതു ദുഃഖത്തിന്നു കാരണം.

UNIVERSITY LIBRARY
- 3 JAN 1961
MADRAS.

# ഈശ്വരവിലാസം

(തുടർച്ച)

കെ. ജനാർദ്ദനൻ തമ്പാൻ

സത്യതൽപരനായ ഗാന്ധിജിക്കു നേരത്തെതന്നെ ഒരു വെളിച്ചമുണ്ടായി: തന്റെ മനസ്സാക്ഷിമൊഴിയുന്നതെന്തോ—സ്വാത്മപ്രചോദനമെന്തോ—അതുതന്നെ തനിക്കു സേവ്യമായ സത്യം എന്നു്. എന്നാൽ അങ്ങനെയൊരു സത്യനിർണ്ണയതത്വം അംഗീകരിക്കുകയാണെങ്കിൽ അതിന്റെ അർത്ഥാനുസിദ്ധങ്ങളെന്തെന്നും സുബുദ്ധിയായ അദ്ദേഹം ചിന്തിക്കാതിരുന്നില്ല. അതായതു് മനസ്സാക്ഷി ഓരോരുത്തർക്കും ഓരോ മാതിരിയാകയാൽ ഒരാൾക്കു സത്യമെന്നു തോന്നുന്നതു് അന്യന്നു് അസത്യമായിത്തോന്നാം. അതിനാൽ സ്വാത്മപ്രചോദിതമായ ദർശനത്തെ സത്യപ്രമാണമാക്കുന്ന സത്യസേവകൻ, അന്യരുടെ ആത്മാർത്ഥമായ അഭിപ്രായവിശ്വാസങ്ങളേയും ബഹുമാനിക്കുകയും അവർക്കതു് സത്യമാണെന്നു് അനുവദിക്കുകയും വേണം. അതേ സമയം സ്വന്തം സത്യദർശനത്തിൽനിന്നു താൻ അണുവും വ്യതിചലിക്കുകയുമരുതു്. അപ്പോഴാണു് സത്യധർമ്മവൈരുദ്ധ്യങ്ങളുടെ ഏററുമുട്ടൽ അനിവാര്യമാകുന്നതു്. ഈ സംഘട്ടനങ്ങളിൽ സത്യസന്ധൻ എങ്ങനെ പെരുമാറണം? തന്റെ സത്യവീക്ഷണത്തെ തെല്ലും വ്യഭിചരിപ്പിക്കരുതു്, എതിരാളിയുടെ സത്യവിശ്വാസങ്ങളെ ബഹുമാനിക്കുകയും വേണം, എന്നു വരുമ്പോൾ യഥാർത്ഥ സത്യപരായണന്റെ പെരുമാററം തികച്ചും അഹിംസാധിഷ്ഠിതമായ ഒരു സഹനസമരമായേ പററൂ. ഭാഗ്യവശാൽ പരമാർത്ഥസത്യം എല്ലാവർക്കും ഒന്നു തന്നേയാണു്. ആകയാൽ അന്യരിൽ യാതൊരു നിർബ്ബന്ധമോ ദ്രോഹമോ ചെലുത്താതെ, താൻ തന്നെ സകല ദ്രോഹസഹിഷ്ണുവായി, സദാ സംശോധിതമാക്കിക്കൊണ്ടിരിക്കുന്ന സ്വമനസ്സാക്ഷി വെളിപ്പെടുത്തുന്ന സത്യത്തെ—തന്റെ ഉത്തമവിശ്വാസത്തിൽ എല്ലാവർക്കും ഹിതമാകുന്ന സത്യത്തെ—മാത്രം സേവനം ചെയ്യുന്നതായാൽ അതിന്റെ പര്യവസാനം പരക്കെ ശ്രേയസ്സായിരിക്കും. തന്റെ മനസ്സാക്ഷി—അന്തരാത്മാവു്—ബോധിപ്പിച്ച സത്യധർമ്മങ്ങൾ തന്റെ വന്ദ്യപിതാവിന്റേതിൽനിന്നു തീരെ ഭിന്നമെന്നു തീർച്ചപ്പെട്ടപ്പോഴും അദ്ദേഹത്തോടു ഭക്ത്യാദരങ്ങൾക്കൊട്ടും കുറവുവരുത്താതെ അദ്ദേഹമേല്പിച്ച നിഷ്ഠുര മർദ്ദനങ്ങളെല്ലാം അപ്രതികാരബുദ്ധ്യാ സഹിച്ചു് തന്റെ ധർമ്മസമരം നടത്തി വിജയം വരിച്ച പ്രഹ്ലാദബാലകന്റെ കഥയാണു് ഈ സർവ്വശ്രേയസ്കരമായ "സത്യാഗ്രഹസമര"ത്തിന്നു് അനുത്തമവും അത്യുജ്ജ്വലവുമായ ദൃഷ്ടാന്തം. ആ പുരാണ മാതൃകയിൽനിന്നു പ്രചോദനമാർന്നുകൊണ്ടു്, തന്റെ കാലഘട്ടത്തിന്നൊത്തവിധം, തനിക്കു നേരിടേണ്ടി വന്ന സവിശേഷ സത്യധർമ്മ സംഘട്ടനങ്ങളിൽ തെല്ലും പതറാതെ, പിൻതിരിക്കപ്പെടാതെ, അഹിംസാബലശാലിയായി, സ്നേഹമയനായി, സത്യ

സ്വാരാജ്യത്തിലേയ്ക്കു് അവിരാമം പുരോഗമിച്ചു കൊണ്ടിരുന്ന ഒരു മഹച്ചരിതനാണു് മോഹൻദാസ് കരംചന്ദ് ഗാന്ധി.

അന്നുമിന്നും ഏറെ തെററിദ്ധരിയ്ക്കപ്പെട്ടതും അതിലുമേറെ ദുരുപയോഗിയ്ക്കപ്പെടുന്നതുമായ ഒരു വിശിഷ്ട സാധനമാണു് "സത്യാഗ്രഹം"—അഭൂതപൂർവ്വപ്രയോഗസമർത്ഥമായ, എങ്കിലും പൂർവ്വദൃഷ്ട സനാതനമൂല്യങ്ങളിൽനിന്നു തന്നെ ആവിഷ്കൃതമായ, മഹാത്മാഗാന്ധിയുടെ "സത്യാഗ്രഹ"വിദ്യ. സ്വാർത്ഥലബ്ധിയ്ക്കു വേണ്ടി പ്രയോഗിയ്ക്കാവുന്ന ഒരു വരായുധമാണു് സത്യാഗ്രഹം എന്ന തെററിദ്ധാരണയാലാണു് അതിനെ ആളുകൾ അന്നും ഇന്നും വ്യഭിചരിപ്പിയ്ക്കുന്നതു്. ഗാന്ധിജിയ്ക്കാകട്ടെ തൻെറ "സത്യാഗ്രഹം" ഒരു സമരമാർഗ്ഗം മാത്രമല്ല, സുശിക്ഷിതവും സദ്ദൃഷ്ടവും ആയ ഒരു ജീവിതമുറതന്നെയായിരുന്നു. സയൻസിൻെറ ഏററവും പുരസ്കൃതങ്ങളായ ന്യൂക്ലിയർ സിദ്ധാന്തങ്ങൾ ലോകസംഹാരകശക്തികളായി മാററപ്പെടുത്തുന്നുണ്ടെന്നതു് ആ സയൻസിൻെറ ദോഷമോ അതോ സ്വാർത്ഥലബ്ധിയ്ക്കായി അതുകൾ ദുരുപയോഗപ്പെടുത്തുന്ന വൻകാട രാഷ്ട്രകൂടങ്ങളുടെ ദോഷമോ? അതുതന്നെയാണു് സത്യാഗ്രഹദുരുപയോഗങ്ങളെക്കുറിച്ചും പറയാനുള്ളതു്. ഗാന്ധിജിയുടെ സത്യാഗ്രഹമാർഗ്ഗം തികച്ചും ശാസ്ത്രീയമായ ഒരു പദ്ധതിയാണു്. സയൻസിൻെറ കാര്യങ്ങളിൽ വിജയപ്രദമാകുംവണ്ണം പരീക്ഷണങ്ങൾ നടത്തി വാസ്തവതത്വങ്ങൾ കണ്ടുപിടിയ്ക്കണമെന്നാഗ്രഹിയ്ക്കുന്നവർ അതിന്നു നിശ്ചയിച്ചിട്ടുള്ള ചില പ്രാരംഭശിക്ഷണങ്ങൾ കഴിച്ചിരിയ്ക്കണമെന്നും അങ്ങനെ ചിലചില ഉപാധികൾ – നിബന്ധനകൾ—നിറവേററി ഒരു സവിശേഷയോഗ്യത നേടേണ്ടുണ്ടെന്നും ഭൗതിക ശാസ്ത്രജ്ഞന്മാർപോലും നിഷ്കർഷിയ്ക്കുന്നുണ്ടല്ലോ. അതുപോലെ, അഥവാ അതിലുമേറെയായിരുന്നു, ആത്മീയവിഷയങ്ങളിൽ നിശിതപരീക്ഷണങ്ങൾ നടത്തി സിദ്ധരായ പൂർവ്വികഋഷികളും യോഗികളും തന്മാർഗ്ഗാനുവർത്തികൾക്കു നിഷ്കർഷിച്ചിരുന്ന പ്രാഥമിക ശിക്ഷണങ്ങളും നിബന്ധനകളും. ഏതൊരു ദുർഘടസന്ദിഗ്ദ്ധതയിലും സ്വമനസ്സാക്ഷിയെ അപ്രമത്തസത്യബോധകപ്രമാണമാക്കണമെന്നുള്ളവർ അതിന്നു നിർദ്ദിഷ്ടമായ ആദ്യശിക്ഷണങ്ങൾ കഴിച്ചു് അർഹരും അധികാരികളുമാകേണ്ടതാണു് എന്നുള്ള പൂർവ്വികമതത്തെ ഗാന്ധിജി തികച്ചും സ്വീകരിച്ചു. അതിൻവണ്ണം അദ്ദേഹം അഖിലപ്രധാനമായി, ആദ്യവസാനം അനുഷ്ഠേയമായി, "അഹിംസാ–സത്യ–ബ്രഹ്മചര്യ"മെന്ന വ്രതത്രയത്തെ തനിയ്ക്കുംതന്നെ അനുയാനം ചെയ്യണമെന്നുള്ളവർക്കും കർശനമായി അനുശാസിച്ചു. പലപല സംസ്കാരനിലയിലുള്ളവർ അവരവരുടെ മനസ്സാക്ഷിപ്രാമാണ്യത്തോടെ സത്യവാദമുഴക്കുമ്പോഴും, വിശ്വാസവൈരുദ്ധ്യങ്ങൾക്കിടയിലും, അവിരോധസമരസമായി സർവ്വഹിതസത്യത്തെ സേവിയ്ക്കുമാറാകേണമെങ്കിൽ "സത്യാഗ്രഹി" സഹനസഹനായ അഹിംസാധീരനാകണം. അതിന്നു വേണ്ടിയ മനശ്ശുദ്ധിയും വീര്യവും അക്ഷയ്യമായി സ്വായത്തമാകുവാൻ "ബ്രഹ്മചാരിവ്രതസ്ഥിത"നുമാകണം. തൻെറ സ്വകാര്യവും സാമൂഹ്യവുമായ ജീവിതം—സംബോധവും അബോധവുമായ

തന്റെ സകല ജീവചലനംപോലും—മറച്ചുവെയ്ക്കാതെ, തുറന്നിട്ടു, അഹിംസാ സത്യബ്രഹ്മചര്യാനുഷ്ഠാനങ്ങളാകുവാനാണു് ഗാന്ധിജി ആദ്യംമുതൽക്കേ അത്യദ്ധ്വാനം ചെയ്തിരുന്നതു്. തൽപ്രയത്നത്തിൽ തനിയ്ക്കു പററിപ്പോയ പ്രമാദസ്ഖാലിത്യങ്ങളും ജാള്യതകളും കുറവുകളും അദ്ദേഹം അപ്പപ്പോൾ ഏററുപറയുകയും, തന്റെ തെററുകൾ തീർക്കുവാൻ പുനഃപ്രതിജ്ഞ ചെയ്യുകയും ശിക്ഷയായി സ്വയം ഉപവാസാദികൾ വിധിയ്ക്കുകയും ചെയ്തു. അങ്ങനെ എത്ര എത്ര തപിച്ചും സഹിച്ചും പരീക്ഷകൾ കഴിച്ചുമാണു് ഗാന്ധിജി ഒരു സിദ്ധ"സത്യാഗ്രഹി"യായതു്! ഈ അമോഘവിദ്യയെ ഒരിയ്ക്കലും വ്യഭിചരിപ്പിയ്ക്കാതിരിപ്പാൻ അതിന്റെ പരമലക്ഷ്യത്തെ എപ്പോഴും ഓർത്തുകൊള്ളണമെന്നും അദ്ദേഹം നിഷ്കർഷിച്ചു.

“സത്യാഗ്രഹ” വിദ്യയുടെ ആ ലക്ഷ്യം എന്താണു്? അതു് സംശയലേശമെന്യേ പറയാം, ഈശ്വരസാക്ഷാൽക്കാരം തന്നെ, എന്നു്. “ദൈവം സത്യസ്വരൂപൻ” എന്ന പൂർവ്വിക വിശ്വാസത്തെ സ്വീകരിച്ചുകൊണ്ടാണു് ഗാന്ധിജി തന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ ആരംഭിച്ചതു്. “എന്നാൽ രണ്ടുകൊല്ലം മുമ്പു്” (ഗാന്ധിജി “യങ്ങ്—ഇന്ത്യ” യിൽ 31-12-1931-ൽ ഒരു ലേഖനത്തിൽ എഴുതുകയാണു്) “ഞാൻ ഒരടികൂടി മുമ്പോട്ടുവെച്ചു് പറഞ്ഞു, സത്യംതന്നെയാണു് ദൈവം, എന്നു്. ഈ രണ്ടു് വാക്യങ്ങൾ തമ്മിൽ സൂക്ഷ്മമായൊരു അർത്ഥവ്യത്യാസം കാണാം. ഏതാണ്ടു് അമ്പതാണ്ടുകൾക്കു് ചോടായി തുടങ്ങിയ ഇടതടവററതും ഇളവനുവദിക്കാത്തതുമായ എന്റെ സത്യാന്വേഷണ യത്നങ്ങൾ എന്നെ എത്തിച്ചതു് ഇയ്യൊരു നിഗമനത്തിലാണു്— സത്യം എന്നതാകുന്നു ഈശ്വരപരമാർത്ഥം. സത്യമെന്തെന്നു് സ്വന്തം “അന്തരംഗമൊഴി”കേട്ടു് നിർണ്ണയിക്കുന്നു ഞാൻ, എന്നു് പ്രമാദമോ കാപട്യമോ കൂടാതെ പറയാവുന്ന ഒരാൾക്കു് തന്റെ മർത്ത്യത്വത്തിന്റെ അല്പത്വവും അപൂർണ്ണതയും നല്ലവണ്ണം ബോധിച്ചിരിക്കണം. സത്യമാകുന്ന അപാരാർണ്ണവത്തിന്റെ തിരുമാറിടത്തിൽ വിഹരിക്കണമെന്നുള്ളവൻ തന്റെ അഹങ്കാരത്തെ പൂജ്യമാക്കിത്തീർക്കണം.”

അങ്ങനെ ഭിന്നഭിന്ന താല്പര്യവിശ്വാസ വൈരുദ്ധ്യങ്ങളുടെ മാത്സര്യങ്ങൾക്കും മുഷ്കുകൾക്കുമിടയിൽ അവിരോധ സമരസമായി സർവ്വയോഗക്ഷേമാവഹമായുള്ള അദ്വന്ദ്വ സത്യമെന്തോ അതു് തനിക്കു ഭജനീയനായ ഈശ്വരൻ എന്നു് ദൃഢബുദ്ധിയായി, സ്വജീവിതം മുഴുവൻ സർവ്വാഭ്യുദയത്തിന്നുവേണ്ടിയ ഒരു അഖണ്ഡയജ്ഞമാക്കി മാററിയിരുന്ന ആ സച്ചരിതം അനുദിന പ്രാർത്ഥനയാൽ പരിപക്വത പ്രാപിച്ചുവരികയായിരുന്നു. അതവ്വിലാണു് ഓരാതിരിക്കെ ഒരു നാൾ അസഹിഷ്ണുവായ ഒരു മൂഢദ്വന്ദ്വബുദ്ധിയുടെ വെടിയുണ്ടയേററു് അതു് പൊടുന്നനവേ അററുവീണു് നിലംപതിച്ചതു്. സത്യധർമ്മപ്രവർത്തകനായ ആ അഹിംസാമൂർത്തിയെ വെടിവെച്ചു് ഹനിച്ചതു് —അഹോ! എന്തൊരു വിരോധാഭാസം! ഏതൊരു ധർമ്മസേവനത്തിന്റെ പേരിൽ നീട്ടിയ കൈകത്തോക്കായിരുന്നുപോലും!

"ഒരു ഘാതകൻെറ തോക്കിന്നിരയായല്ലോ മഹാത്മാഗന്ധി! എന്തൊരു ദുരന്തമായിപ്പോയി അതു്!" എന്നു് പലരും വിലപിച്ചു. ഇപ്പഴും പലരുമങ്ങനെ പരിതപിക്കുന്നു. എന്നാൽ ആ മഹാത്മാവിനെ സംബന്ധിച്ചേടത്തോളം അതൊരു ദുരന്തമല്ലാ ഒരു ദൌർഭാഗ്യവുമല്ല. പ്രത്യുത അതദ്ദേഹത്തിനു് ഏററവും ഉചിതമായൊരു പര്യവസാനമായി. വാർദ്ധക്യാധികൃതിയിലെ ക്ലൈബ്യതയ്ക്കും ബാലിശ ചാപല്യങ്ങൾക്കും അടിപെട്ടും, അല്ലെങ്കിൽ വല്ല മാറാവ്യാധികൾ പിടിപെട്ടും തീരെ അന്യാശ്രയനായിത്തീർന്നു് അങ്ങനെ മരിക്കാനിടയാവാതെ, സ്വധർമ്മാചരണത്തിൻ മദ്ധ്യത്തിൽ തൻെറ ഉണർവുററ മനസ്സും ബുദ്ധിയും പരമേശ്വര തൽപരമായിരിക്കുമ്പോൾ സംഭവിക്കുമാറാകണം തൻെറ മരണം എന്നായിരുന്നു ആ സൽക്കർമ്മനിരതൻെറ മുൻകരുതൽ. മാത്രമല്ലാ ആ അഹിംസാവ്രതൻെറ അഭീപ്സിതം ഈ വിധമായിരുന്നു താൻ തൻെറ സത്യധർമ്മാനുസൃതം സമർപ്പിത കർമ്മം നിർവ്വഹിക്കുന്ന വേളയിൽ വല്ല കാരണത്താലും വല്ലവരും തന്നെ ഹിംസിക്കുകയാണെങ്കിൽപ്പോലും, താൻ അനുദ്വിഗ്നനായി ആ ഘാതകനോടു് ലവലേശം ദ്വേഷവിരോധങ്ങൾ തോന്നാതെ, രാമനാമ മന്ദഹാസത്തോടെ അയാൾക്കും നന്മനേർന്നുകൊണ്ടു് ഈ നശ്വരശരീരം ത്യജിക്കുവാൻ തനിക്കു് സാദ്ധ്യമാകണം; അങ്ങനെ ചെറുതെങ്കിലും ഒരൊററ, അഹിംസാകർമ്മത്താൽ തൻെറ സത്യസേവനജീവിതം നിറവേററുമാറാകണം. ഗാന്ധിജിയുടെ ആ ആശയം യഥാർത്ഥമാക്കുകയല്ലേ ചെയ്തതു്? ഘാതകൻെറ വെടിയേററു വീഴുമ്പോൾ ആ പാവനചരിതൻ, താൻ അനവരതം ഏതൊരു തിരുമാനത്തെ തൻെറ സത്യേശ്വരൻെറ പ്രതിരൂപമായി ഹൃദയത്തിൽ ധരിച്ചുകൊണ്ടിരുന്നുവോ ആ താരകനാമത്തെ സ്വബോധത്തോടെ ഉച്ചരിച്ചുംകൊണ്ടല്ലയോ പ്രാണൻ വെടിഞ്ഞതു്? അതിനാൽ ആ വിധമായ മരണം ആ പുണ്യജീവിതത്തിൻെറ ധന്യമായ നിറവേററം തന്നെയാണു്. എന്നാലും ആ സ്നേഹനിധിയുടെ അമ്മട്ടിലുള്ള നിര്യാണം സാധുസ്മരണയിൽ അഗാധമായൊരു ശോകരസത്തിൻെറ പവിത്രമായ ഒരു തീർത്ഥമായി എന്നും ഉറവെടുത്തുകൊണ്ടിരിക്കും!

മററു പ്രകാരത്തിൽ ആ മഹന്മരണം, "യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കളേബരം തം തമേ വൈതി കൌന്തേയ! സദാ തദ്ഭാവ ഭാവിതഃ || തസ്മാൽ സർവ്വേഷു കാലേഷു മാമനുസ്മര യുദ്ധ്യ ച മയ്യർപ്പിതമനോ/ബുദ്ധിർ മാമേവൈഷ്യസ്യസംശയം" എന്ന ഭഗവദ് വാക്യത്തിന്നൊരു സാധൂകരണമാണു്. തന്നെ കൊല്ലുന്നവന്നു ശാപത്തിന്നു പകരം അനുഗ്രഹം ആശംസിക്കുന്ന ഈശ്വര നാമോച്ചാരണത്തോടെ നടന്ന ആ മഹച്ചരമം, "മൽകർമ്മകൃത് മൽപരമോ മൽഭക്തഃ സംഗവർജ്ജിതഃ നിർവ്വൈരഃ സർവ്വഭൂതേഷു യസ്സമാമേതി പാണ്ഡവ" എന്ന തരത്തിൽ ഭഗവൽ പ്രീതികരമായി നയിയ്ക്കപ്പെട്ട ഒരു ഉത്തമ ജീവിതത്തിൻെറ ശ്രേയസ്കരമായ സമാപനമായി. എങ്ങനെ എന്നും എന്നു തൊട്ടെന്നും പറയാനാവാതെ ലോകത്തിൽ കണ്ടുവരുന്ന ഒരഖിലേശ വിശ്വാസത്തെ തൻേറയും വിശ്വാസമായി കൈക്കൊണ്ടു് അതൻേറയും വിശ്വാസമായി കൈക്കൊണ്ടു് അതിൻെറ സാധുതയെ തൻെറ ഓരോ ജീവിതാനുഭവങ്ങളിലൂടെയും പരീക്ഷിച്ചും മാററുരച്ചും നോക്കി ഒടുക്കം അനന്തമമായ ഈശ്വര വിശ്വാസത്തിൻെറ സമുന്നത വിജയസ്തംഭമായി ഉല്ലസിയ്ക്കുമാറായി മോഹൻദാസ് കരംചന്ദ് ഗാന്ധി. (തുടരും)

# നാരായണീയം

— എ. ആർ. മേനോൻ —

## 77-ാം ദശകം

1. കാമാർത്ത്യം പ്രതിനിമിഷം തവാംഗമത്തെ
ധ്യാനിച്ചിട്ടവിടെയൊരുങ്ങി കാത്തിരിക്കും
കുബ്ജക്കും പ്രിയമരുളാൻ ഭവാനൊരിക്കൽ
ചെന്നൂ തന്നിലയനമുദ്ധവേനസാർദ്ധം

2 വരവുകണ്ടു കുചങ്ങളാം തുടിച്ചൊരീ
തരുണിയാൾക്ക ഫലിച്ചു മനോരഥം
വിവിധ പൂജനടത്തി ഭവാന്നവൾ
രഹസി നീയനുരഞ്ജനവും തദാ

3 ഇഷ്ടം വരിക്കുവതിനോതി ഭവാൻ, വരിച്ചാൾ
പൊട്ടത്തി രാത്രികളിൽ സൌരത സൌഖ്യമാത്രം
സായൂജ്യവാഞ്ഛ ബുധർമാത്രമുരക്കുമെന്നാൽ
സാമീപ്യമെങ്കിലുമഹോ വരിയാഞ്ഞതെന്തോ.

4 മൃഗാക്ഷിയെപ്പിന്നെ ഭവാൻ കുറച്ചുനാൾ
പരം രമിപ്പിച്ചു പലേ തരത്തിലും
ജനിച്ച പുത്രന്നു സുരർഷി നാരദൻ
വിശുദ്ധമാം സാത്വത തന്ത്രമോതിനാൻ.

5 അക്രൂരഗേഹമൊരുനാൾ സബലോദ്ധവൻ നീ
ചെന്നിട്ടവന്റെ നതിപൂജകളേറ്റശേഷം
രാജ്യത്തിലെത്തിയ യുധിഷ്ഠിര വാർത്തയേയു-
മന്ധാരചന്റെ നിലയേയുമയച്ചറിഞ്ഞു

6 ജരാസന്ധൻ പ്രേഷ്ഠശ്വശുരനഥ കംസന്റെ നിധനെ
പരംക്രോധിച്ചെത്തീമധുരയെ വളഞ്ഞൂ ബാഹുബലൻ
സുരത്തേരിൽ സ്വല്പം ഭടരൊടു ഭവാനേറി സബലൻ
ത്രയോ വിംശം സേനാനിരകളെ നശിപ്പിച്ചു നൊടിയിൽ

7 ബന്ധിച്ചു രാമനരിയെത്തരസാ, ഭവാനോ
വീണ്ടും രണായവരുമെന്നു നിനച്ചു വിട്ടു
ലോകം ജയിച്ചു പടചേർത്തിയ മാഗധേശ-
നല്ലോ ജഗത്തിൽ ബലമുള്ളവനെന്നൊരുത്തൻ

8 തോററിട്ടു ഭഗ്നഹൃദയൻ സ്വജനോപദേശാൽ
പിന്നീടുമെത്തി പതിനാറുരു തോററുമണ്ടീ
അക്ഷൗഹിണീ നിവഹമാകെ നശിച്ചതോർത്താൽ
നാന്നൂറിലെമ്പതു കുറഞ്ഞൊരു സംഖ്യതന്നെ

9 പിന്നേത്തെ യുദ്ധമണയേണ്ടൊരു കാലമാമ്പോം
മ്ലേച്ഛൻ ത്രികോടിയവനാന്വിതനുണ്ടു മുമ്പിൽ
ത്വഷ്ടാവിനാൽ ജലധിയിൽ പുരമാശു തീർപ്പി-
ച്ചങ്ങോട്ടുനീ നിജബലാൽ സ്വജനത്തെ മാററീ

10 ഭീതൻപോൽ പാദചാരാൽ പുരമതിനുപുറത്തോടിനീ പത്മമാലീ,
മ്ലേച്ഛേശൻ പിന്തുടർന്നു, വധസുകൃതമവന്നില്ല, നീയങ്ങൊളിഞ്ഞു
പാദാഘാതാലുണർന്നാക്ഷിതിപതിമുചുകുന്ദാഖ്യനാൽ ദൃഷ്ടമാത്രേ
മ്ലേച്ഛൻ ഭസ്മീഭവിച്ചു, നതനൃപപുരതോ നിന്നുനീ കോമളാംഗൻ.

11 "ഐക്ഷ്വാകൻ ഞാൻ വിരക്തൻ തവ കരുണ ലഭിക്കേണമെന്നേ
വിചാരം
വേണ്ടാതെല്ലാം വരാമേ മധുമഥന! ഹരേ!"യെന്നുനീകേട്ടുതുഷ്ട്യാ
മുക്തിക്കായ് ഭക്തിയേയും സകലമലഹരം മോക്ഷവും നൽകി
ഹിംസാ-
പ്രായശ്ചിത്തം തപസ്സും തിരുവടിയുപദേശിച്ചു ലോകപ്രതീത്യൈ

12 അഥമധുരയിൽ കൊന്നു മ്ലേച്ഛന്റെ സൈന്യമശേഷവും
മഗധപതിയും മുൻപോലെത്തിത്തടഞ്ഞു ബലാന്വിതൻ
അവനൊരു ജയാൽ ഗർവ്വം വർദ്ധിപ്പതിന്നുടനോടിനീ
യുദധിനഗരം പൂകീ വാതാലയേശ്വര! പാഹിമാം.

## 78-ാം ദശകം

1 അമരശില്പി ചമച്ചതി ചിത്രമായ്
വിബുധരേകിയ ഭൂതിയൊടൊത്തുമേ
ഉദധിയിൽ പുരുപട്ടണമന്നു നീ
സുഷമയാലതിശോഭനമാക്കിപോൽ

2 ദ്രുഹിണനോതി ഹലിക്കഥരേവതൻ
പരിണയിച്ചുകൊടുത്തു തനൂജയെ
മുദിതരായ യദുക്കളുമായ് ഭവാൻ
വലിയൊരുത്സവഘോഷമണച്ചുതേ

3 ശഠശിരോമണി ചൈദ്യസുഹൃത്തിനായ്
വിവരമററൊരു ഭീഷ്മകനന്ദനൻ

ഭഗിനി നിൻപ്രണയാൎത്ഥിനി രുഗ്മിണി=
ക്കഥ വിവാഹമുറച്ചു ഖലൻസ്വയം

4 ചിരധൃതപ്രണയത്തിനു വിഘ്നമാ-
യതിലതീവ തപിച്ചു വരാംഗന
അഘൃണമാരനണച്ച പരാഭവം
പറയുവാൻ തവ വിട്ടിതു വിപ്രനെ

5 സുഗുണർ മാത്രമെഴുന്നപുരേ തവ
ത്വരിതമെത്തിയ ഭൂസുരനെത്തദാ
ഭവഹരൻ തിരുമേനിയുമാദരാ-
ലുപചരിച്ചതിലാവട്ടുഷ്ടനായ്

6 കമലനേത്രയൊരുത്തി വിദൎഭയിൽ
ക്ഷിതിപപുത്രിവസിപ്പിതു രുഗ്മിണി
ത്വയിപരം കുതുകാലവാം ധീരതാ-
രഹിതയായിയയച്ചവനാണു ഞാൻ

7 തവഗുണാഹൃതയാണിവൾ മുന്നമേ-
യിനിഹരിപ്പതു ചേദിവനാണുപോൽ
അവനിപാല! കൃപാലയ! പാഹിമാ-
മിതികരഞ്ഞു പറഞ്ഞിതു ഭാമിനീ

8 അഗതിയെന്നെ ഭവാൻ വിടുമെങ്കിലോ
ഝടിതി ജീവനെ ഞാനുമൊടുക്കിടും
ഇതിസുഹൃത്തു പറഞ്ഞൊരു ദൂതിനാൽ
തവ മനസ്സുമയങ്ങി ഭയന്നുപോൽ

9 അഥ പറഞ്ഞു ഭവാനിതിലും സഖേ
കഠിനമാം മമ മന്മഥവേദനാ
ദയിതയാം കരിമീൻമിഴിയാളെ ഞാൻ
സദസിവന്നു ഹരിച്ചിടുവൻ ക്ഷണാൽ

10 അതിമുദാകലിത ദ്വിജനോടു നീ
രഥമതിൽ ക്ഷണമാൎന്നിതു കുണ്ഡിനെ
പവനമന്ദിര നാഥ! ഹരേ! ഭവാൻ
മമ വിപത്തുകളൊക്കെയകററണേ

## 79-ാം ദശകം

1 ഭടരുമായ് പിറകിൻ ബല ഭദ്രനു-
ണ്ടുപചരിച്ചിതു ഭീഷ്മക നാദരാൻ

നൃപസുതക്കറിവേകിയ വിപ്രനെ–
ക്കഴൽ പണിഞ്ഞു സകൌതുകമായവൾ

2 ഇളമതന്റെ സുഭാരുണ ചേഷ്ടയും
ഭുവനമോഹന! നിൻ തനുകാന്തിയും
പുരജനത്തിനു താപമണച്ചു പോ
ലവർ കരഞ്ഞു കഴിച്ചിതു രാത്രിയെ

3 ഭടരുമായ് നഗരിക്കു പുറത്തിലായ്
ഗിരിജയെത്തൊഴുവാനഥ രുഗ്മിണീ
സകലമംഗളഭൂഷണഭൂഷിതാ
ത്വയിസമർപ്പിത ജീവിത യാത്രയായ്

4 കുല വധൂജന സംവൃതയായവൾ
പരമഭാവനയാം തൊഴുതുഭൃശം
വരദ! നിൻസഹധർമ്മിണിയാകുവാൻ
വരണമേ തരമെന്നവൾ കൂപ്പിനാൾ

5 ക്ഷിതിപർ കാണുവതിന്നു തിരക്കവേ
ചലനമററു ഭവാൻ സ്ഥിതി ചെയ്യവേ
സുഷുമയാലവിടങ്ങളിൽ ശോഭ ചേ–
ർത്തരുമയിൽ പടിയിറങ്ങി നൃപാത്മജ

6 ഭുവനമോഹന കാന്തി വിശേഷാൽ
വിവശരായിതു ഭൂപരശേഷവും
ത്വയി മൃഗാക്ഷി കടാക്ഷമണക്കവേ
തിരുമനസ്സു കുറച്ചു ചലിച്ചു പോൽ

7 സുമുഖിപോകവതെങ്ങിതി ചൊല്ലി നീ
സരസമെത്തി പിടിച്ചു കരേദ്രുതം
വരരഥത്തിലിരുത്തി ഹരിക്കവേ
കലശൽകൂട്ടി രിപുക്കളശേഷവും

8 പശുപനെങ്ങിതി രോഷമൊടെത്തിടും
നൃപരെ വെന്നു മൃധേ തവ സൈനികർ
തവ മനസ്സു ചലിച്ചതുമില്ലതിൻ
മൃഗപതിക്കു ഭയം ശുനകങ്കലോ.

9 അടരിനായുടനെത്തിയ രുഗ്മി തൻ
മുടിയരിഞ്ഞു വിരൂപത നൽകി നീ

മദമകററിയയച്ചു ബലോക്തിയാൽ
ദയിതലക്ഷ്മിയുമായ് പുരമാന്നു നീ

10 പ്രണയവർദ്ധിത കാമവികാരവും
പുതുസമാഗമലജ്ജയുമാന്നഹോ
ഹസിതശോഭതിളങ്ങിയ പതിയാൾ-
ക്കധരരസത്തെയണച്ചു രഹസ്സിൽ നീ

11 വിവിധ കേളികൾകൊണ്ടു ദിവാനിശം
പ്രമുദമേകി ഭവാൻ വിഹരിക്കവേ
ഒരു ദിനം തവ വക്ര വചസ്സിനാൽ
പരിഭവത്തെയവൾക്കുളവാക്കി പോൽ

12 അധിക ലാളനകൊണ്ടു വിശേഷമാ-
യതിസുഖം കമനിക്കു കൊടുത്തു നീ
അനഘ! നിൻ ചരിതങ്ങൾ കഥിക്കുമെൻ
ഗദമകററുക വായു പുരേശ്വര!

# പുരുഷാർത്ഥങ്ങൾ

കെ. രാഘവൻ തിരുമുല്പാട്ടു്, ചാലക്കുടി.

ധർമ്മാർത്ഥ കാമമോക്ഷങ്ങളാണല്ലോ പുരുഷാർത്ഥങ്ങളെന്നറിയപ്പെടുന്നതു്. കാമമോക്ഷങ്ങളെ ഒന്നിച്ചു് സത്യമെന്നു സംഗ്രഹിച്ചുകൊണ്ടു് പുരുഷാർത്ഥങ്ങളെ മൂന്നെന്നും പറയാറുണ്ടു്. പുരുഷാർത്ഥങ്ങളെന്നുവെച്ചാൽ ജീവിതലക്ഷ്യമെന്നു് സാമാന്യമായി അർത്ഥം പറയാം. ധർമ്മാർത്ഥ സുഖങ്ങളെ സാധിക്കുവാനുള്ളതാണു് ആയുസ്സു്. ത്രിവർഗ്ഗശൂന്യം നാരംഭം ഭജേത്തം ചാവിരോധയൻ— ധർമ്മാർത്ഥ സുഖങ്ങളിൽ ഏതെങ്കിലും ഒന്നിനെ സാധിക്കുന്നതായല്ലാതെ ഒരു പ്രവൃത്തിയിലും ഏർപ്പെടരുതു്; എന്നുതന്നെയല്ല അവയിൽ ഏതെങ്കിലും ഒന്നിനുവേണ്ടി പ്രവർത്തിക്കുമ്പോൾ അതു് മററൊന്നിനു് വിരുദ്ധമായും തീരരുതു്—എന്നാണു് അഭിജ്ഞമതം.

എന്നാൽ പുരുഷാർത്ഥങ്ങൾ മൂന്നായാലും നാലായാലും അവ പരസ്പരം പരിപൂർണ്ണമായി സ്വതന്ത്രങ്ങളാണെന്നു് പറഞ്ഞുകൂട. ആലോചിച്ചുനോക്കിയാൽ ജീവിതത്തിൻെറ ലക്ഷ്യം സുഖമാണെന്നു് കാണാം. സുഖാർത്ഥാസ്സർവ്വഭൂതനാം മതാസ്സർവ്വാഃ പ്രവൃത്തയഃ സർവ്വ ജന്തുക്കളുടേയും എന്നുവേണ്ട സസ്യലതാതികളുടെ പോലും പ്രവൃത്തികൾ സുഖത്തെ ഉദ്ദേശിച്ചാണു് എന്ന

തിന്നു് സംശയമില്ല. സുഖത്തെക്കുറിച്ചുള്ള സങ്കല്പത്തിൻെറ വ്യത്യാസംകൊണ്ടാണു് ആ ഒരേ ഉദ്ദേശംവെച്ചാണെങ്കിലും ഓരോരുത്തരും ഭിന്നഭിന്നമാർഗ്ഗങ്ങളിൽക്കൂടെ പ്രവർത്തിക്കുന്നതു്. കുറെയൊക്കെ വാസനയും കാരണമാവാം. സ്വന്തം പ്രവൃത്തികൾ ദുരന്തങ്ങളും ദുരിതോദർക്കങ്ങളും ആയിത്തീരുന്നതു് ദുഃഖത്തേയും ദുരിതത്തേയും ലക്ഷ്യമാക്കുക നിമിത്തമല്ല, തെററായ ധാരണകൾ നിമിത്തം, തെററായ രീതിയിൽ പ്രവൃത്തിയിൽ ഏർപ്പെടുകകൊണ്ടുമാത്രമാകുന്നു. ധാരണകളെ തിരുത്തി രീതിയിലെ തെററുകളെ തീർക്കുന്നതിന്നുള്ള ഉപാധിയാണു് ധർമ്മം, എന്നു് കരുതാം. സുഖത്തെ ഭൌതികമെന്നും ആത്മീയമെന്നുമോ, താല്ക്കാലികമെന്നും ആത്യന്തികമെന്നുമോ വിഭജിക്കാവുന്നതാണു്. ഭൌതികമായ താല്ക്കാലിക സുഖത്തെയാണു് കാമമെന്നു് പറയുന്നതു്. ആത്യന്തികമായ ആത്മീയസുഖം തന്നെയാണു് മോക്ഷം. കാമം എന്ന പദംകൊണ്ടു് വിവക്ഷിക്കപ്പെടുന്ന സുഖം ദുഃഖത്തോടു കെട്ടുപിണഞ്ഞതാകുന്നു. ദുഃഖത്തിൻെറ സ്പർശമില്ലാത്ത കേവലമായ സുഖമാണു് മോക്ഷം. ദുഃഖരൂപമായ സംസാരത്തിൽനിന്നു്, ഒരു വിധത്തിൽ കാമത്തിൻെറ ബാധയിൽ നിന്നുതന്നെയുള്ള മോചനം നിമിത്തമാണു്, മോക്ഷമെന്ന ശബ്ദം അന്വർത്ഥമാകുന്നതു്. അതുകൊണ്ടുതന്നെയാണു് അതു് കൈവല്യമെന്നു് പറയപ്പെടുന്നതും. കാമം ഇന്ദ്രിയ വിഷയങ്ങളായ ഭൌതിക വസ്തുക്കളെ ആശ്രയിച്ചിരിക്കകൊണ്ടു് സോപാധികവും മോക്ഷം അങ്ങനെ അല്ലാതെ സ്വതന്ത്രമായിരിക്കകൊണ്ടു് നിരുപാധികവുമാകുന്നു. കാമത്തെ അനുഭവിക്കുന്നതിന്നു് വിഷയങ്ങളുടെ സാഹചര്യം ഒഴിച്ചുകൂടാത്തതാണു്. എന്നാൽ മോക്ഷം തടസ്സങ്ങളില്ലാതായാൽ, സ്വയം അനുഭവപ്പെടുന്നതാണു്. താരതമ്യംകൊണ്ടോ സാദൃശ്യംകൊണ്ടോ വ്യക്തമാക്കുവാൻ കഴിയാത്ത അതു് ആത്മാവിൻെറ സ്വാഭാവികമായ അവസ്ഥയാണെന്നു് വേണമെങ്കിൽപ്പറയാം. അങ്ങനെയുള്ള പരമമായ സുഖത്തിലേക്കുള്ള ഒരേ ഒരു മാർഗ്ഗം ധർമ്മമാകുന്നു. സുഖം ച ന വിനാ ധർമ്മാൽ തസ്മാൽധർമ്മ പരോഭവ.

എന്നാൽ അർത്ഥകാമങ്ങൾക്കു് എങ്ങനെ പുരുഷാർത്ഥങ്ങളിൽ സ്ഥാനം കിട്ടി? അവയുടെ സ്ഥാനമെന്താണു്? സൂക്ഷ്മമാലോചിച്ചാൽ അർത്ഥകാമങ്ങൾ ജീവിതത്തെ സൂചിപ്പിക്കുന്നതാണു്. പഞ്ചേന്ദ്രിയങ്ങളുടെ വിഷയങ്ങളെയാണല്ലോ സാമാന്യമായി അർത്ഥങ്ങൾ എന്നുപറയുന്നതു്. അർത്ഥങ്ങളെ പരിപൂർണ്ണമായി നിരസിച്ചിട്ടു് ലോകജീവിതം—ഗീതയിൽപ്പറയുന്ന ശരീരയാത്ര—നിർവ്വഹിക്കപ്പെടുക സാധ്യമാവുകയില്ല. സുഖഭോഗവസ്തുക്കളെ സാമാന്യമായി അർത്ഥങ്ങൾ കുറിക്കുന്നു. സുഖഭോഗങ്ങൾക്കു് അധീനനോ വിധേയനോ ആവരുതെന്നു നിഷ്കർഷിക്കാം. എന്നാൽ അവയെ തീരെ ഒഴിവാക്കണമെന്നുപദേശിക്കുകയോ ഉപദേശിച്ചാൽ അതനുസരിക്കുകയോ സാധ്യമാവുകയില്ലല്ലോ. ശരീരം ഉള്ളേടത്തോളംകാലം പ്രാഥമികങ്ങളായ ആഹാരപരിധാനാദികളെ നിശ്ശേഷം ത്യജിക്ക സാധ്യമല്ല. അവയെ ഉപയോഗിക്കകൊണ്ടു് അനുഭവപ്പെടുന്ന സുഖത്തെ—കാമത്തെ—തീരെ നിരസിക്കുകയും ശക്യമല്ലല്ലോ. ചിന്തയിൽപ്പെടേണ്ട വേറൊരംശം, മനുഷ്യസാ

ധാരണങ്ങളായ പ്രവണതകളെ സംസ്കരിച്ച് (Sublimation) ഉൽക്കർഷത്തിലേയ്ക്കു പരിണമിപ്പിയ്ക്കുകയല്ലാതെ, ഒരേ അടിയ്ക്കു നിരോധിയ്ക്കുക പ്രായോഗികമല്ല എന്നുള്ളതാണ്. അർത്ഥപരവും കാമപരവുമായ പ്രവണതകൾ മനുഷ്യന്ന് സഹജങ്ങളാകുന്നു. അവ സംസാരത്തിന്റെ ഘടകങ്ങളാകുന്നു. ഈ പ്രവണതകളെ സംസ്കരിയ്ക്കുന്നതിനുള്ള ഉപാധിയാണ് ധർമ്മം എന്നു കരുതാം.

ധർമ്മം എന്നതിന്നു തപസ്സ്, അനുഷ്ഠാനം എന്നെല്ലാം അർത്ഥം പറയാറുണ്ട്. വാസ്തവത്തിൽ തപസ്സുകളും അനുഷ്ഠാനങ്ങളും മററും ആത്മീയങ്ങളായ സാധനകൾ മാത്രമാണ്. പരസ്പരം വിരോധം കൂടാതെ അനുഷ്ഠിയ്ക്കേണ്ടതു് എന്നുവെച്ചിട്ടുള്ള ധർമ്മമാകട്ടെ വിശിഷ്ടമായ തപസ്സിനേയോ മററാ കുറിയ്ക്കുന്നതല്ല എന്നതിന്നു സംശയമില്ല. ലൌകികജീവിതത്തെ—അർത്ഥകാമങ്ങളെ— സംസ്കരിയ്ക്കുന്നതിന്നുള്ള, സ്ഫുടം ചെയ്യുന്നതിനുള്ള അഗ്നിയാണ് അതു് എന്നു കരുതാം. അർത്ഥകാമങ്ങൾ അനർത്ഥകരങ്ങളായിത്തീരുന്നതു് അവയിൽ ഏർപ്പെടുന്നതു് രാഗദ്വേഷകലുഷിതമായിട്ടാകുമ്പോൾ മാത്രമാകുന്നു. രാഗദ്വേഷരഹിതമായി അർത്ഥകാമങ്ങളിൽ ഔചിത്യത്തോടെ പ്രവർത്തിയ്ക്കുമ്പോൾ, അതു ധർമ്മമായി എന്നു ചുരുക്കത്തിൽപ്പറയാം. നിരങ്കുശമോ നിരുപാധികമോ ആയ ഭോഗത്തിന്നുവേണ്ടിയല്ല, അർത്ഥങ്ങൾ അധീനത്തിൽ ആവുന്നതെന്നും, അപരിഗ്രഹവ്രതത്തോടുകൂടി, സ്വാർത്ഥബുദ്ധിയില്ലാതെ, അവ വിനിയോഗിയ്ക്കപ്പെടുകയാണ വേണ്ടതെന്നും ഉള്ള ബോധം ധാർമ്മികമാണെന്നു പറയാം. നിത്യജീവിതത്തിലെ നിസ്സാരങ്ങളെന്നു തോന്നുന്ന സംഗതികളിൽക്കൂടെ വ്യക്തമാകേണ്ടതാണതു്. അല്ലാതെ ഏതെങ്കിലും പ്രത്യേകം വ്രതമോ മററോ ആണെന്നോ ദാനമോ മററോകൊണ്ടു സമ്പാദിച്ചു കൃതാർത്ഥതയടയാമെന്നോ ധർമ്മത്തെക്കുറിച്ചു് ഓർക്കുന്നതു് അതിന്റെ മർമ്മത്തെക്കുറിച്ചു് മനസ്സിലാക്കായ്കകൊണ്ടു മാത്രമാണ്. അർത്ഥകാമാത്മകമായ ഐഹികജീവിതം ഒഴിച്ചുകൂടാത്തതാണ്. നഹി ദേഹ ഭൃതാ ശക്യം ത്യക്തും കർമ്മാണ്യശേഷതഃ എന്നു ഗീതയിൽ സൂചിപ്പിച്ചിരിയ്ക്കുന്നതും അതുതന്നെ. എന്നാൽ സംസാരകാരണമായ, ബന്ധഹേതുകമായ അർത്ഥകാമാത്മകമായ കർമ്മത്തെ സംസാരനിവർത്തകമാക്കിത്തീർക്കുന്നതിന്ന്, വിത്തുവറക്കുന്നതുപോലെ, ധർമ്മംകൊണ്ടു്, രാഗദ്വേഷരാഹിത്യംകൊണ്ടു്, സംസ്കരിയ്ക്കുകയാണ് മാർഗ്ഗം. സംസാരനിവൃത്തിതന്നെയാണല്ലോ മോക്ഷം.

രാഗദ്വേഷരാഹിത്യം നിഷേധാത്മകമായ (negative) ഒരു നിലപാടല്ല, ആരോഗ്യം എന്നതു് രോഗത്തിന്റെ നിഷേധം മാത്രമല്ലല്ലോ. സ്വാസ്ഥ്യത എന്നു പറയപ്പെടുന്ന ഭാവാത്മകമായ (positive) അവസ്ഥകൂടിയാണല്ലോ അതു്. അതുപോലെതന്നെ രാഗദ്വേഷരാഹിത്യം എന്നതു് പരമമായ അദ്വൈതസിദ്ധിയിൽ മാത്രം പൂർണ്ണമായി സാക്ഷാൽക്കരിയ്ക്കപ്പെടുന്നതും എന്നാൽ ആ അവസ്ഥയെ ലക്ഷ്യമാക്കി ജീവിയ്ക്കുന്ന സാധകന്മാർ അഭ്യാസംകൊണ്ടും നിരന്തരമായ വിചാരം കൊണ്ടും ഉറപ്പിയ്ക്കേണ്ടതുമായ സദ്വൃത്തതാ

# "മനുഷ്യജന്മത്തിന്റെ സാഫല്യം"

അഥവാ

# സമയത്തിന്റെ സദുപയോഗം

ആത്മാരാമൻ; കടമ്പനാൽ.

മനുഷ്യജന്മം വളരെ ദുർല്ലഭമായ ഒന്നാണെന്നു്, നമ്മുടെ വേദോപനിഷൽ പുരാണേതിഹാസങ്ങളിലെല്ലാം പ്രതിപാദിക്കുന്നുണ്ടു്. മുജ്ജന്മത്തിൽ ചെയ്ത സുകൃതത്തിന്റെ ഫലമായി ഈശ്വരകാരുണ്യംകൊണ്ടുമാത്രം സിദ്ധിക്കുന്ന ഒന്നാണതു്. ഇത്രമാത്രം മഹത്തായ ആ മനുഷ്യജീവിതത്തിലെ ഓരോ നിമിഷവും വളരെയേറെ വിലപിടിച്ചതാണെന്നു് പറയേണ്ടതില്ലല്ലോ. അതിനാൽ അതിൽ ഒരു സെക്കൻറുപോലും വ്യർത്ഥമാക്കികളയാതെ, ഈശ്വരോപാസനക്കുവേണ്ടി ഉപയോഗപ്പെടുത്തണമെന്നാണു് ശാസ്ത്രസിദ്ധാന്തം. അങ്ങിനെ ബഹുമൂല്യമായ നമ്മുടെ ജീവിതത്തിലെ അധികസമയവും വേണ്ടാവഴക്കും വയ്യാവേലിക്കുമായി ചിലവഴിക്കുകയെന്നു് വന്നാൽ, അതിലപ്പുറം ബുദ്ധിശൂന്യത മറെറന്തുണ്ടു്? ഇരുപത്തിനാലു് മണിക്കൂറും നമ്മുടെ ചിന്ത വയററിനുവേണ്ടിയാണു്; ദേഹത്തിനുവേണ്ടിയാണു്. ദേഹത്തിന്റെ അടിസ്ഥാനതത്വമായ ദേഹിക്കുവേണ്ടി അഥവാ ആത്മാവിനുവേണ്ടി അരനിമിഷംപോലും ചിലവഴിക്കാൻ നാം വിചാരിക്കുന്നില്ല, ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് നാം നമ്മുടെ കർത്തവ്യമെന്തെന്നു് ശരിക്കു് മനസ്സിലാക്കി അതിനുവേണ്ടി പരിശ്രമിച്ചില്ലെങ്കിൽ ഒടുവിൽ വലിയ പശ്ചാത്താപത്തിന്നിടവരുന്നതാണു്.

---

ത്മഭൂതാത്മത്വം പലതായിത്തോന്നുന്നതെല്ലാം വാസ്തവത്തിൽ ഒന്നുതന്നെയാണെന്ന അനുഭൂതി നിഴലിക്കുന്നതും സർവ്വഭൂതഹിതേ രതഃ എന്ന വിധിയനുസരിച്ചു് ഭാവാത്മകമായി പ്രവൃത്തിയിൽ, നിത്യജീവിതത്തിൽ, തെളിഞ്ഞു കാണേണ്ടതുമാകുന്നു. മൌലികമായ അദ്വൈതത്തിലാണു് ധർമ്മം പ്രതിഷ്ഠിതമായിരിക്കുന്നതു്.

ഇങ്ങനെ ആലോചിക്കുമ്പോൾ മോക്ഷത്തിനുള്ള സ്വാഭാവികമായ മാർഗ്ഗം നിത്യജീവിതത്തെ ധർമ്മിഷ്ഠമാക്കുക എന്നുള്ളതാണെന്നു വ്യക്തമാകും. ലക്ഷ്യം മാർഗ്ഗത്തെ പരിശുദ്ധമാക്കിയാലേ പരിശുദ്ധമായ ലക്ഷ്യത്തിലെത്തിച്ചേരുകയുള്ളു എന്നു സങ്കല്പിക്കുകയാണു് ഇവിടെ ആദ്യം വേണ്ടതു്. ഇതിൽ ആദ്യത്തെ സങ്കല്പം അധർമ്മത്തിന്റേയും രണ്ടാമത്തെ സങ്കല്പം ധർമ്മത്തിന്റേയും ബീജകങ്ങളാണെന്നു കാണാൻ വിഷമമില്ല. അധർമ്മം പാപവും ധർമ്മം പുണ്യവും ആകുന്നു. മോക്ഷത്തിലെത്തിക്കുന്നതുതന്നെയാണു് യഥാർത്ഥത്തിൽ പുണ്യം

—*—

എന്നാൽ മാനവജീവിതത്തിലെ അമൂല്യങ്ങളായ ആ നിമിഷങ്ങളെ നാം എത്രമാത്രം സദുപയോഗപ്പെടുത്തിയിട്ടുണ്ട് അഥവാ പെടുത്തുന്നുണ്ട്, എന്നൊന്നു ചിന്തിക്കേണ്ടതാണ്. ജനനമരണ സ്വരൂപമായ ഈ സംസാര സാഗരത്തെ തരണംചെയ്ത് പരമാത്മാവിനെ പ്രാപിക്കാൻ, ജീവാത്മാവിന് മാനവ ശരീരത്തിൽകൂടിയല്ലാതെ സാദ്ധ്യമല്ല. അത്രമാത്രം മഹത്തരമായ മനുഷ്യജന്മത്തെ — മാനവജീവിതത്തെ — അശ്രദ്ധയും അലസതയും അജ്ഞാനവും കൊണ്ട്, കേവലം ആഹാരനിദ്രാഭയം മൈഥുനാദികൾക്ക് മാത്രം ഉപയോഗപ്പെടുത്തുന്നപക്ഷം, അത് വെറും മൃഗീയ ജീവിതമായിതന്നെ വിചാരിക്കേണ്ടതാണ്.

ആഹാരനിദ്രാഭയ മൈഥുനാനി
സമാനി ചൈതാനി നൃണാം പശൂനാം
ജ്ഞാനം നരാണാമധികോ വിശേഷോ
ജ്ഞാനേന ഹീനാഃ പശുഭിസ്സമാനാഃ

(ചാണക്യനീതി 17_17)

ആഹാരം, നിദ്ര, ഭയം, മൈഥുനം — ഈവക കാര്യങ്ങൾ മനുഷ്യർക്കും, മൃഗങ്ങൾക്കും തുല്യമാണ്. മൃഗത്തെ അപേക്ഷിച്ച്, മനുഷ്യനുള്ള വിശേഷത അവനിൽ ജ്ഞാനവും കൂടിയുണ്ടെന്നുള്ളതാണ്. എന്നാൽ, ജ്ഞാനശൂന്യനായ മനുഷ്യൻ മൃഗപ്രായനാണെന്ന് സാരം. അതുകൊണ്ട് നാം നമ്മുടെ വിലയേറിയ സമയത്തെ ഒരിക്കലും ദുരുപയോഗപ്പെടുത്തരുതെന്നും, ദുരുപയോഗപ്പെടുത്തുന്നതായാൽ അത് ഘോരമായ പശ്ചാത്താപത്തിന് കാരണമായിത്തീരുമെന്നും കേനോപനിഷത്തിൽ പറയുന്നുണ്ട്:—

ഇഹ ചേദവേദീദഥ സത്യമസ്തി
ന ചേദിഹാവേദീന്മഹതീ വിനഷ്ടിഃ
ഭൂതേഷു ഭൂതേഷു വിചിത്യ ധീരാഃ
പ്രേത്യാസ്മാല്ലോകാദമൃതാ ഭവന്തി. (2.5

ഈ മനുഷ്യജന്മത്തിൽ പരമാത്മതത്വത്തെ അറിയാൻ സാധിച്ചുവെങ്കിൽ, അതു ഏററവും ഉചിതം (സത്യം) തന്നെ. ഈ ജീവിതത്തിൽ അതിനു പററിയില്ലെങ്കിൽ മഹാനഷ്ടവും കൂടിയാണ്. ധീരനായ പുരുഷൻ സമസ്തഭൂതങ്ങളിലും പരമാത്മാവിനെ ദർശിച്ചുകൊണ്ടു ഈ ദേഹത്തെ ഉപേക്ഷിച്ചു അമൃതത്വത്തെ പ്രാപിക്കുന്നു. അതായതു അവൻെറ ആത്മാവു ഈ ശരീരത്തെ വിട്ടിട്ടു അമൃതസ്വരൂപമായ പരമാത്മാവിനെ പ്രാപിക്കുന്നുവെന്നു താല്പര്യം.

അതുകൊണ്ടു ബുദ്ധിയുള്ളവൻ ചെയ്യേണ്ടതു, സർവ്വജീവരാശിയിലും പരമാത്മസ്വരൂപത്തെ ചിന്തിച്ചുകൊണ്ട്, തൻെറ ജീവിതം സഫലമാക്കുകയെന്നതാണ്. മനുഷ്യജന്മം അത്യന്തം ദുർല്ലഭമാണെന്നു പറഞ്ഞുവല്ലോ. അതു ഭഗവൽകൃപകൊണ്ടു മാത്രം കിട്ടിയതാണ്. അങ്ങിനെയുള്ള ഒരു സുവർണ്ണാവ

സരം കിട്ടിയിട്ട്, ജീവിതത്തിലെ മഹത്വപൂർണ്ണമായ സമയത്തെ ഒരു നിമിഷംപോലും വ്യർത്ഥമാക്കി കളയരുത്. ഏതൊരു കാര്യസാദ്ധ്യത്തിനുവേണ്ടിയാണോ, നാം ജനിച്ചതു അതു ആദ്യമായി ചെയ്തുതീർക്കണം. നമ്മുടെ പ്രധാന ലക്ഷ്യം അതുതന്നെയാണ്. കേവലം ഉദരംഭരികളായി വിഷയഭോഗങ്ങൾക്കുവേണ്ടി മാത്രം സർവ്വോൽകൃഷ്ടമായ മാനവജീവിതം ചിലവഴിക്കുന്നവർ അവരെതന്നെ അധഃപതിപ്പിക്കുകയാണു ചെയ്യുന്നതു്. ഗീതയിൽ പറയുന്നതു നോക്കുക:—

ധ്യായതേ വിഷയാൻ പുംസഃ
സംഗസ്തേഷൂപജായതേ
സംഗാൽ സംജായതേ കാമഃ
കാമാൽ ക്രോധോഭിജായതേ

ക്രോധാൽ ഭവതിസമ്മോഹഃ
സമ്മോഹാൽ സ്മൃതി വിഭ്രമഃ
സ്മൃതിഭ്രംശാൽ ബുദ്ധിനാശഃ
ബുദ്ധിനാശാൽ പ്രണശ്യതി.

എന്നാൽ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്, അതിനെ സഫലപ്പെടുത്തുന്നതെങ്ങിനെയാണ്, അതിനെന്താണ് ചെയ്യേണ്ടതു്? ഈവക ചോദ്യങ്ങൾ ആവിർഭവിക്കുന്നു. ഇതുസംബന്ധിച്ച നമുക്കു അല്പമൊന്നു ചിന്തിക്കാം.

മാനവജീവിതത്തിന്റെ പരമമായ ലക്ഷ്യം പരമാത്മപ്രാപ്തിയാണ് അഥവാ ഈശ്വരസാക്ഷാൽക്കാരമാണ്. അതിനുള്ള പ്രധാനമാർഗ്ഗം ഭഗവൽഭക്തിതന്നെ. യഥാർത്ഥമായ ഭഗവൽഭക്തിയുണ്ടായാൽ സൽഗുണങ്ങളും, സദാചാരങ്ങളും, സജ്ജനസംസർഗ്ഗവും അവനു സിദ്ധിക്കുന്നതാണ്. ഈവക ഗുണങ്ങളെല്ലാം ഒരുവനു സിദ്ധിച്ചുകഴിഞ്ഞാൽ, അവനു വിഷയാദികളിൽ വിരക്തിയും, വൈരാഗ്യവുമുണ്ടാകും. അപ്പോൾ അവനിൽ ഇന്ദ്രിയനിഗ്രഹത്തിനുള്ള സാമർത്ഥ്യവും, ഈശ്വരവിശ്വാസവും വർദ്ധിച്ചുവരുന്നു. ഇത്രയുമായാൽ അവന്റെ ഹൃദയത്തിൽ പരമാത്മതത്വം കൂടുതൽ കൂടുതൽ പ്രകാശിച്ചു തുടങ്ങും. ഒടുവിൽ തന്നിലും, അന്യനിലും, പക്ഷിമൃഗാദികളിലും, വൃക്ഷലതാദികളിലും എന്നു വേണ്ട, സകല ജീവജാലങ്ങളിലും അന്തര്യാമിയായി വർത്തിക്കുന്നതു ഒരേ ഒരു പരമാത്മാവാണെന്നും, അതുകൊണ്ട് യാതൊരു ജീവിയേയും ഉപദ്രവിക്കരുതെന്നും, എല്ലാററിനേയും ഒരുപോലെ സ്നേഹിക്കണമെന്നും, സഹായിക്കണമെന്നും ഉള്ള ഒരു ബോധം മനുഷ്യനുണ്ടാകുന്നു. ഇതു ജ്ഞാനത്തിന്റെ ശരിയായ ഉദയമാണ്.

ലോകത്തിൽ അസംഖ്യം ജീവജാലങ്ങളുണ്ട്. അവയിൽ മനുഷ്യർ വളരെ വിരളമാണെന്നു പറയേണ്ടതില്ലല്ലോ. അങ്ങിനെ അത്യന്തം ദുർല്ലഭവും അപൂർവ്വവുമായ ഒരവസരമാണ്, ഈശ്വരകാരുണ്യം കൊണ്ടു നമുക്കിന്നു ലഭിച്ചിരിക്കുന്നതു്. എന്നു മാത്രമല്ല, സർവ്വശ്രേഷ്ഠമായ സനാതന ധർമ്മത്തിലാണ്, ഇന്നു നാം ജനിച്ചിരിക്കുന്നതു്. ജീവിക്കുന്നതോ പരിപാവനമായ ഭാരതവർഷത്തിലും. ഉത്തമകുലവും, ഉത്തമദേശവും, ഉത്തമകാലവും, ഉത്തമബന്ധുക്കളും—അങ്ങിനെ എന്തു നോക്കിയാലും നാമിന്നു അനുഗ്രഹീതർ തന്നെയാണ്. സനാതന ധർമ്മം അഥവാ, ഹിന്ദുമതം അനാദിയാണ്. അതിൽനിന്നാണു മററു മതങ്ങളുടെയെല്ലാം ഉൽപത്തി. മൂന്നു ലോകത്തിലും വച്ചു ഭൂമിയാണു ശ്രേഷ്ഠം. ഭൂമിയിൽതന്നെ ആര്യാവർത്തം (ഭാരതവർഷം) സർവ്വശ്രേഷ്ഠമാണ്. പണ്ടു് മററു രാജ്യക്കാരെല്ലാം ഭാരതവർഷത്തിൽ വന്നാണ് ധാർമ്മികശിക്ഷണം സമ്പാദിച്ചിരുന്നതെന്നു മനുസ്മൃതിയിൽ പറയുന്നുണ്ടു്:—

ഏതദ്ദേശപ്രസൂതസ്യ
സകാശാദഗ്രജന്മനഃ
സ്വംസ്വം ചരിത്രം ശിക്ഷേരൻ
പൃഥിവ്യാം സർവ്വമാനവാഃ 2.20.

കലിയുഗം ചീത്തയാണ്, അനത്ഥകാലമാണ്, എന്നെല്ലാം പറയുന്നുണ്ടു്. പക്ഷെ, അതിനു ഒരു വലിയ ഗുണവും കൂടിയുണ്ടു്. മഹത്തായ ആ ഗുണത്തെപ്പററി ചിന്തിക്കുമ്പോൾ, കലിയുഗം മററുയുഗങ്ങളെക്കാൾ ശ്രേഷ്ഠമാണെന്നു വേണം പറയാൻ. കലിയുഗത്തിൻെറ വിശേഷത, അതിൽ ഭഗവൽ ഭക്തികൊണ്ടു മാത്രം മനുഷ്യനു പരമാത്മാവിനെ പ്രാപിക്കാൻ സാധിക്കുമെന്നുള്ളതാണ്. ഭക്തികൊണ്ടുമാത്രം മുക്തി സമ്പാദിക്കാൻ കലിയുഗത്തിലല്ലാതെ കഴിയുന്നതല്ല നിഷ്കാമഭക്തിയോടുകൂടി ഭഗവന്നാമം ജപിച്ചുകൊണ്ടിരുന്നാൽ നിഷ്പ്രയാസം മുക്തിസിദ്ധിക്കുമെന്നാണ് അഭിജ്ഞന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്. കലിസന്തരണോപനിഷത്തിൽ, ബ്രഹ്മാവ് നാരദനു ഉപദേശം കൊടുക്കുന്നതിങ്ങിനെയാണ്.

ഹരേ രാമ! ഹരേ രാമ!
രാമ രാമ! ഹരേ ഹരേ!!
ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!
കൃഷ്ണ കൃഷ്ണ! ഹരേ ഹരേ!!

ഇതിഷോഡശകം നാമം
കലികന്മഷ നാശനം
നാതഃപരതരോപായഃ
സർവ്വവേദേഷു ദൃശ്യതേ.

മനുഷ്യന്റെ മനസ്സ് ഒരിക്കലും സ്വസ്ഥമായിരിക്കുന്ന ഒന്നല്ല. അതു് അധികസമയവും ചിന്തിച്ച് കാടുകയറിക്കൊണ്ടിരിക്കും. എന്നാൽ അതു് അധികവും നല്ലകാര്യത്തെപ്പററിയല്ല് ചിന്തിക്കുന്നതു്; ചീത്തകാര്യത്തെപ്പററിയാണു്. അങ്ങിനെയുള്ള ചിന്തകൾകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നുതന്നെയല്ല; അതു് അപകടകരവും കൂടിയാണു്. ആപത്തുകളെ സ്വയം വിളിച്ചുവരുന്ന അത്തരം ചിന്തകൾ മനുഷ്യൻ തീർച്ചയായും ഉപേക്ഷിക്കേണ്ടതാകുന്നു. അതിനു്, മനസ്സിനെ അനാവശ്യമായ വ്യഥാചിന്തകളിൽ നിന്നു് അകത്തിയിട്ടു്, അതിനെ ഭഗവൽ ചിന്തനത്തിലേക്കു് തിരിച്ചുവിടുകയാണു് വേണ്ടതു്. എന്നിട്ടു് ഭഗവന്നാമങ്ങൾ ഉച്ചരിക്കുകയും, ഭഗവാനെ ഭജിക്കുകയും, ഭഗവാന്റെ ഗുണഗണങ്ങളെപററി പ്രവത്തിക്കുകയും, ഭഗവാനെ ധ്യാനിക്കുകയും മററും ചെയ്യുക.

യതഃ പ്രവൃത്തിർഭൂതാനാം
യേന സർവ്വമിദം തതം
സ്വകർമ്മണാതമഭ്യർച്ച
സിദ്ധി വിന്ദതിമാനവഃ

എന്നാണു് ഗീതയിൽ പറഞ്ഞിരിക്കുന്നതു്. അതായതു് യാതൊരു പരമാത്മാവിൽ നിന്നാണോ ചരാചരാത്മകമായ ഈ പ്രപഞ്ചവും, സർവ്വജീവരാശികളുമുണ്ടായതു് യാതൊന്നിനാൽ ഈ ലോകം മുഴുവൻ വ്യാപ്തമായിരിക്കുന്നുവോ, ആ പരബ്രഹ്മ പരമേശ്വരനെ അവനവന്റെ വർണ്ണാശ്രമധർമ്മങ്ങൾക്കനുരൂപമായ കർമ്മങ്ങളാൽ പൂജിക്കുന്നതുകൊണ്ടു് മനുഷ്യനു് പരമമായ സിദ്ധിയുണ്ടാകുന്നതാണെന്നു് ചുരുക്കം. ഭഗവാൻ അർജ്ജുനനുപദേശിക്കയാണു്:—

വിഹായ കാമാന്യഃ സർവ്വാൻ
പുമാംശ്ചരതിനിസ്പൃഹഃ
നിർമ്മമോ നിരഹങ്കാരഃ
സശാന്തി മധിഗഛതി.

യാതൊരാൾ സമ്പൂർണ്ണ അഭിലാഷങ്ങളേയും പരിപൂർണ്ണമായി ത്യജിച്ചിട്ടു്, മമതാരഹിതനായും അഹങ്കാര രഹിതനായും, നിസ്പൃഹ (നിസ്സംഗ) നായും ജീവിതം നയിക്കുന്നുവോ, അവൻതന്നെയാണു്. ശാന്തിയെ പ്രാപിക്കുന്നതു്.

അതുകൊണ്ടു് മനുഷ്യജന്മം സിദ്ധിച്ച നാമോരോരുത്തരും വിലയേറിയ നമ്മുടെ ജീവിതം പാഴാക്കികളയാതെ അതിലെ ഓരോ നിമിഷവും ഈശ്വസാക്ഷാൽക്കാരത്തിനുവേണ്ടി അഥവാ ആത്മസാക്ഷാൽക്കാരത്തിനുവേണ്ടി വിനിയോഗിക്കേണ്ടതാണു്. എന്നാൽ, ഇന്നു് മനുഷ്യൻ; ദൌർഭാഗ്യമെന്നു

# സംസ്കൃതത്തെപ്പററി.

വിദ്വാൻ കെ. എം. നായർ.

ഭാരതത്തിൽ അമരഭാരതിയുടെ വൈതാളികക്ക് എക്കാലവും വലിയ ക്ഷാമമൊന്നും നേരിട്ടിട്ടില്ല. ഇന്നും മിക്ക പ്രസംഗമണ്ഡപങ്ങളിൽ നിന്നും മുഴങ്ങി കേൾക്കാം; സംസ്കൃതത്തെ പുനരുദ്ധരിക്കുക; സംസ്കൃതം പഠിച്ച് സംസ്കാരസമ്പന്നരായിത്തീരുക; ഇന്ത്യയുടെ ആത്മീയൈക്യത്തെ പുനഃസ്ഥാപിക്കുക എന്നിത്യാദികളായ ഗിരിപ്രഭാഷണങ്ങൾ. ഇതുകൊണ്ടെല്ലാം വല്ലതുമൊരു ഫലമുണ്ടോ? ഉണ്ടാവണമെന്ന് ഈ പ്രാസംഗികന്മാർക്ക് വിചാരമുണ്ടോ? ഗൈർവ്വാണിക്ക് വീണ്ടും ചൈതന്യമുണ്ടാക്കണമെന്ന് നാട്ടിന്നാത്മാർത്ഥമായ അഭിലാഷമുണ്ടെങ്കിൽ പ്രസംഗപീഠങ്ങളിൽ നിന്ന് ആ ഭാഷയുടെ അപദാനങ്ങൾ അത്യധികം അന്തരീക്ഷത്തിലേക്ക് തെറിച്ചുപൊങ്ങി അവിടെ ലയനം പ്രാപിക്കുകയില്ല. നേരെമറിച്ച് അവളെ ഇന്നത്തെ ദയനീയ നിലയിൽ നിന്ന് സമുദ്ധരിക്കാനുള്ള വെമ്പലോടുകൂടിയ പ്രവർത്തനങ്ങളാണ് നാം കണ്മുമ്പിൽ കണ്ടുകൊണ്ടിരിക്കുക. സംസ്കാരസമ്പന്നമായ ജർമ്മനിയിലും മററ് യൂറോപ്യൻ രാഷ്ട്രങ്ങളിലും ഇത്തരം പ്രസംഗങ്ങൾ നടക്കുന്നതായി നാം കേട്ടിട്ടുണ്ടോ? അവിടങ്ങളിൽ സംസ്കൃതഭാഷാദേവിക്ക് കൊടുത്തിട്ടുള്ള നിലയും വിലയും എത്രയോ അന്തസ്സുററതത്രെ; അവിടങ്ങളിൽ അവളെ ഭാഷകളുടെ മഹാറാണിയായിത്തന്നെ സമാദരിക്കപ്പെടുന്നു; അവളുടെ മുമ്പിൽ ഹൃദയങ്ങൾ ഭക്തിബഹുമാനപുരസ്സരം നമ്രങ്ങളായിത്തീരു

---

തന്നെ പറയട്ടെ, അവൻെറ കർത്തവ്യത്തേയും, യഥാർത്ഥമായ ജീവിതലക്ഷ്യത്തേയും വിസ്മരിച്ച് ഇതിനെല്ലാം വിപരീതമായ ഒരു ജീവിതരീതിയെയാണ് അവലംബിച്ചുകാണുന്നതു്. ധർമ്മാർത്ഥകാമമോക്ഷങ്ങളായ പുരുഷാർത്ഥങ്ങളിൽ എല്ലാററിൻേറയും അടിസ്ഥാനമായ ധർമ്മത്തെ ഉപേക്ഷിച്ച്, അർത്ഥത്തിനും കാമത്തിനുംവേണ്ടി ഏതൊരധർമ്മവും, ഏതൊരനീതിയും പ്രവൃത്തിക്കാൻ ഇന്നവൻ സന്നദ്ധനാണ്. നിഷിദ്ധങ്ങളായ നിത്യകർമ്മങ്ങൾ ചെയ്യുന്നതു് ചീത്തയാണെന്ന തോന്നൽ അവനുണ്ടാകുന്നില്ലെന്നു് മാത്രമല്ല; അതു് ചെയ്യുന്നതു് അന്തസ്സും അഭിമാനവുമാണെന്നു് അവൻ വിചാരിച്ചു തുടങ്ങിയിരിക്കയുമാണ്. "സർവ്വാർത്ഥാൻ വിപരീതാംശ്ച ബുദ്ധിസാ പാർത്ഥ താമസി", എന്ന ഗീതാവചനം അക്ഷരംപ്രതി ശരിതന്നെയെന്നു് സമാധാനിക്കാം.

ന്നു. സംസ്കാരസമ്പന്നന്മാൎക്കു വാക്കല്ല, പ്രവൃത്തിയാണു കാൎയ്യം. തങ്ങളുടെ ഭാഷകളോടു വളരെയധികം അടുത്ത രക്തബന്ധമുള്ള ഗൈർവാണിയെ പാശ്ചാത്യപണ്ഡിതന്മാൎക്കു ഒരിക്കലും അവഹേളനാപൂർവ്വം ഒന്നു നോക്കാൻ സാദ്ധ്യമല്ല. ഗൈർവാണിയുടെ ഉറവിടമായിത്തീരാൻ ഭാഗ്യം സിദ്ധിച്ച ഭാരതത്തിൽ എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നതു? അവളെ വാനോളം പുകഴ്ത്തുകയും അതേസമയത്തു ഊക്കിൽ പാതാളഗൎത്തത്തിലേക്കു തള്ളിവീഴ്ത്തുകയും ചെയ്യുന്ന ദയനീയരംഗങ്ങൾ നാം അനുദിനം കണ്ടുകൊണ്ടേയിരിക്കുന്നു. യാതൊരു ദേവിയാണോ ഭാരതത്തെ ഭാരതമാക്കിയതു, മുലപ്പാലൂട്ടി വളൎത്തിയതു ആ മാതാവിനോടു അല്പമെങ്കിലും കൂറു വേണ്ടേ? അനവധി ഇന്ത്യൻ ഭാഷകളുടെ മാതൃപദവിയും മററനേകം ഭാഷകളുടെ ധാത്രീസ്ഥാനവും വഹിക്കുന്ന അമരഭാരതിക്കു സ്വന്തം ജന്മഭൂവിൽ ഇത്രയധികം അവഹേളനം നൽകിയതു സംസ്കാരഹീനവും ലജ്ജാകരവുമായ ഒരു പ്രവൃത്തിതന്നെ. ആത്മാൎത്ഥത തുളുമ്പുന്ന വല്ലവരും അവളുടെ മുമ്പിൽ ഭക്ത്യാദരപുരസ്സരം മുട്ടുകുത്തുന്നപക്ഷം അവരെ തനി പിന്തിരിപ്പനും പഴഞ്ചനുമായി ഗണിക്കുവാനുള്ള ബുദ്ധിമാഹാത്മ്യം നേടിയവരാണു ഭാരതത്തിലെ അഭ്യസ്തവിദ്യർ. ദേശാഭിമാനികളും, പണ്ഡിതന്മാരും, നേതാക്കളുമാകാനുള്ള ഒരു യോഗ്യതയാണു സംസ്കൃതപ്രകീൎത്തനമെന്നു വല്ലവരും തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ അവരുടെ കാൎയ്യം "അയ്യോ കഷ്ടം! എന്നു പറയാനേ നിവൃത്തിയുള്ളു."

വിശേഷാൽകൃഷ്ടമായ ആൎഷസംസ്കാരത്തിന്റെയും, അവിഛേദ്യമായ ഭാരതീയാത്മൈക്യത്തിന്റെയും മംഗളദീപം കൊളുത്തി ഒരു കാലത്തു ലോകത്തിലെ അന്ധകാരമേഖലകളിലേക്കെല്ലാം വെളിച്ചം വീശിയ സംസ്കൃതഭാഷ അധഃപതനത്തിന്റെ പാതാളക്കുണ്ടിലേക്കു വഴുതി വീഴുവാൻ പല കാരണങ്ങളുമുണ്ടായിട്ടുണ്ടു. രാഷ്ട്രീയവും, ചരിത്രപരവും, സാമ്പത്തികവുമായ കാരണങ്ങളാണു അവയിൽ പ്രധാനങ്ങൾ. സാമുദായികാടിസ്ഥാനത്തിൽ—സംസ്കൃതം ബ്രാഹ്മണ മേധാവിത്വത്തിന്റെ ഭാഷയാണു—പറയുന്ന ഹേതുക്കൾക്കു അത്രതന്നെ പ്രാബല്യം കല്പിച്ചുകൊടുക്കുവാൻ നിവൃത്തില്ല. സംസ്കൃതം പണ്ഡിതന്മാരേ കൈകാൎയ്യം ചെയ്തിരുന്നുവെന്നുള്ളതൊഴികെ ആ ഭാഷക്കു സാമുദായികമായ പരിധികളൊന്നും പ്രാചീന ഭാരതത്തിൽ കല്പിച്ചുകൊടുത്തിരുന്നില്ല. അനന്തരകാലത്തു ജാതിമതവിഭാഗങ്ങൾ അരക്കിട്ടുറപ്പിക്കുവാൻ വേണ്ടി പൌരോഹിത്യവും ഉയൎന്നവരെന്നഭിമാനിക്കുന്നവരും ചെയ്തുവെച്ചു ഒരു കടുംകയ്യാണു ഭാഷക്കു സാമുദായികമായ ചട്ടക്കൂടു നല്കൽ. പക്ഷേ അതുകൊണ്ടു കടുത്ത കോട്ടമൊന്നും സംഭവിച്ചതായി പറയുവാൻ വയ്യ

ചിലർ വൈയാകരണപ്രമുഖനായിരുന്ന പാണിനിമഹർഷിയെ ഗൈൎവാണിയുടെ ഏകാലപാതകിയായി പരിഗണിച്ചു വരുന്നുണ്ടു. യാഥാൎത്ഥ്യമറിയാനുള്ള സന്മനസ്സില്ലാത്ത അത്തരക്കാരെ കാൎയ്യം പറഞ്ഞു ബോധിപ്പി

ക്കുക പ്രയാസംതന്നെ. പാണിനിക്ക് മുമ്പ് സംസ്കൃതത്തിന്ന് ഉണ്ടായിരു അതേ പ്രചാരവും ഓജസ്സും തേജസ്സും അദ്ദേഹത്തിന്ന് ശേഷവും അനവധി നൂററാണ്ടുകൾ നിലനിന്നിട്ടുണ്ടെന്നുള്ളതിന്ന് ചരിത്രം ഉത്തമസാക്ഷ്യമാണ്. എത്രയെത്ര വിശിഷ്ടസാഹിത്യകൃതികളും, ശാസ്ത്രകൃതികളും ആ വൈയാകരണപുംഗവന്നുശേഷം ഉണ്ടായിട്ടുണ്ടെന്നോ? പാണിനി ഒരു വ്യാകരണം നിർമ്മിക്കുകയും അതിൻെറ അലംഘനീയസിദ്ധാന്തങ്ങൾ നിമിത്തം പിന്നീടാ ഭാഷയെ കൈകാര്യം ചെയ്യാൻ ധൈര്യക്കുറവു നിമിത്തം പ്രതിഭകളും ചിന്തകളും മുരടിച്ച് നിർജ്ജീവമായിത്തീരുകയും ചെയ്തുവെന്നു പറഞ്ഞാൽ ആ വാദത്തെ വകവെച്ചുകൊടുക്കുവാൻ വിചാരശീലന്മാർക്കും ഗവേഷകന്മാർക്കും സാദ്ധ്യമല്ലതന്നെ. വ്യാകരണത്തിൻെറ കെട്ടുറപ്പുകൊണ്ട് ഒരൊററ ഭാഷയും ഇതേവരെ മണ്ണടിഞ്ഞുപോയിട്ടില്ല. മാത്രമല്ല ഇതേവരെ ഒരു ശബ്ദശാസ്ത്രകാരനും തൻെറ സിദ്ധാന്തങ്ങൾ പാലിച്ചേ കഴിയൂവെന്ന് സുഗ്രീവാജ്ഞ നല്കിയിട്ടുമില്ല. ഭാഷയുടെ ഭൂതനിലയും വർത്തമാനാവസ്ഥയും നോക്കി വ്യാകരണങ്ങൾ ആവിർഭവിക്കുകയെന്നതൊഴികെ അവ ഭാവിയെക്കൂടി കടന്നു പിടികൂടാറില്ല. വളർന്നുകൊണ്ടേയിരിക്കുന്ന ഭാഷയിൽ അനുനിമിഷം പരിണാമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നറിയാൻ ശക്തിയുള്ളവരാണ് ശബ്ദശാസ്ത്രനിർമ്മാതാക്കൾ. പാണിനിക്ക് മുമ്പും വളരെയധികം വ്യാകരണങ്ങൾ രംഗപ്രവേശം ചെയ്തിട്ടുണ്ട്. എന്നിട്ടോ? ഗൈർവ്വാണിക്ക് ചൈതന്യത്തിന്ന് യാതൊരു കുറവുമുണ്ടായിരുന്നില്ല. ഈ നിലക്ക് പാണിനി നിരപരാധിയല്ലേ?

വൈദേശികാധിപത്യം ഭാരതത്തിൽ കാലൂന്നിയ നിമിഷം മുതൽക്ക് സംസ്കൃതത്തിൻെറ ദുർദ്ദശയാരംഭിച്ചുവെന്ന് പറയുന്നതും മുഴുവൻ പരമാർത്ഥമായിരിക്കയില്ല. കാരണം സംസ്കൃതം ഇന്ത്യയിലെ സാർവ്വത്രികമായ ഒരു സംസാരഭാഷയായിരുന്നില്ല. എന്നാൽ ഉയർന്ന നിലയിൽ അതൊരു പൊതുഭാഷയുമായിരുന്നു. സാംസ്കാരികമണ്ഡലത്തിൽ മാത്രമായി അമരഭാരതി ഭാരതീയ പൊതുഭാഷയായി വിലസി എന്നു പറയുന്നതായിരിക്കും കൂടുതൽ ഉചിതം. സംസ്കൃതം സംസ്കൃതമായി രൂപാന്തരപ്പെടുന്നതിന്ന് മുമ്പുണ്ടായിരുന്ന മൂലപ്രാകൃതഭാഷയിൽ നിന്നുത്ഭവിച്ച നാനാവിധങ്ങളായ ഉപപ്രാകൃതഭാഷകളായിരുന്നു സാധാരണ നിലവാരത്തിൽ കൈകാര്യം ചെയ്യപ്പെട്ടിരുന്നതു്. ഹിന്ദി, ഗുജറാത്തി, മറാട്ടി, ബങ്കാളി മുതലായ ഉത്തരേന്ത്യൻ ഭാഷകൾ അവയുടെ ക്രമികമായ പരിണാമത്തിൽനിന്നുത്ഭവിച്ചവയാണ്. വൈദേശികാക്രമണങ്ങളുടെ വിധിക്ക് എപ്പോഴും വിധേയമായിത്തീരുന്നത് സാധാരണ ബാഹ്യമായ നിലവാരത്തിൽ വ്യവഹരിക്കപ്പെടുന്ന ഭാഷകളായിരിക്കും. വൈദേശികങ്ങളായ രാജകീയ ഭാഷകളുടെ സമ്മർദ്ദങ്ങൾക്ക് സാംസ്കാരികമായ ഉയർന്ന മേഖലയിൽ മാത്രം വിലസിയിരുന്ന ഗൈർവ്വാണിക്ക് പെട്ടെന്ന് പാത്രീഭവിക്കേണ്ടിവന്നുവെന്ന് കരുതാൻ ന്യായം പോര. അല്പസ്വല്പം വ്യതിയാനങ്ങൾ നേരിടാതേയുമിരുന്നില്ല. എങ്കിലും ഇന്ത്യയുടെ സാംസ്കാരികവും ആത്മീയവുമായ ശൃംഖലകളെ കൂട്ടിയിണക്കിയിരുന്ന ആ ഭാഷാരാ

ണിക്കു് പദവിക്കോ അന്തസ്സിന്നോ കോട്ടംതട്ടിയിരുന്നില്ല. ഇംഗ്ലീഷ് ഭാഷയാണു് ഭാരതത്തിൽ മിക്കവാറും ഒരു വയറിന്റെ ഭാഷയായി പരിണമിച്ചിട്ടുള്ളതു്. ഉദരസംപൂർത്തിക്കുവേണ്ടി ആ ഭാഷ കൂടിയേ കഴിയൂ എന്നു് വന്നപ്പോഴാണു് വിദ്യാഭ്യാസനിലവാരത്തിലും അതിനെ തുടൎന്നു് മറ്റെല്ലാ മേഖലകളിലും അമരഭാരതി അവഗണിക്കപ്പെട്ടതു്. കാലികമായ പരിതഃസ്ഥിതികൾക്കിണങ്ങി സമുദായത്തിന്നു് വൎത്തിക്കാതിരിക്കാൻ നിവൃത്തിയുമില്ല. ഏതു് മഹോന്നതപദവിയിലേക്കും മനുഷ്യന്നു് വിശപ്പടങ്ങിയേ നോട്ടമുള്ള സംസ്കാരപരവും ആനന്ദപരവുമായ മറ്റെല്ലാ നേട്ടങ്ങളും അതിന്നു മേലെയായിട്ടു മാത്രമേ കെട്ടിപ്പടുക്കാനാവൂ.

ഭരണാധിപത്യം ആംഗ്ലേയഭാഷക്കു് അധീനമായപ്പോൾ സംസ്കൃതത്തിന്റെ ദുർദ്ദശ ദ്വിഗുണീഭവിച്ചുവെങ്കിലും അതുകൊണ്ടു് അനഘങ്ങളും അവിസ്മരണീയങ്ങളുമായ ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. സംസ്കൃതത്തിന്റെ നിർമ്മാണം പാടെ നിലച്ച മട്ടായെങ്കിലും ഉണ്ടായവക്കു് പുഴക്കുത്തും ചിതലും കയറുന്നതിന്നു് മുമ്പു് ലോകവ്യാപകമായ പ്രചരണം സിദ്ധിച്ചുവെന്നുള്ളതാണു് അതു്. സ്വാൎത്ഥപ്രതിപത്തി നിമിത്തമാണെങ്കിലും വാറൻഹേസ്റ്റിങ്ങ്സിനെ പോലെയുള്ള പരിപക്വമതികളായ ഭരണാധികാരികൾ നാമാവശേഷങ്ങളാകുമായിരുന്ന അനവധി വിശിഷ്ട കൃതികളെ പുറത്തേക്കു് കൊണ്ടുവന്നു് അച്ചടിച്ചു് പ്രസിദ്ധീകരിച്ചു. അതോടുകൂടി പാശ്ചാത്യൎക്കു് മുമ്പിലത്തേക്കാളധികം സംസ്കൃതത്തെ അറിയാനും തദ്വാരാ ഇന്ത്യയെ കണ്ടെത്താനുമുള്ള അഭിവാഞ്ഛയുണ്ടായി. ഇവിടെ വന്നു് സംസ്കൃതം പഠിച്ചു് അതു് സ്വദേശങ്ങളിൽ പ്രചരിപ്പിക്കാൻ അനവധി യൂറോപ്യൻ പണ്ഡിതന്മാർ വെമ്പൽ കൊണ്ടിട്ടുണ്ടു്. അവരാണു് ഉന്നതസംസ്കൃതിയുടെ വിളനിലം ആർഷഭൂമിയാണെന്നു് ലോകത്തിന്നു് കാണിച്ചുകൊടുത്തതു്.

ഇംഗ്ലീഷിന്റെ കൈയിൽ ഭരണസാരഥ്യം കിട്ടുന്നതുവരെ ഭാരതത്തിലെ ഉന്നത വിദ്യാഭ്യാസം സംസ്കൃതത്തിൽതന്നെ അധിഷ്ഠിതമായിരുന്നു. ആംഗ്ലേയവിദ്യാഭ്യാസം നമ്മുടെ വയറിന്റെ കാൎയ്യം നോക്കിത്തുടങ്ങിയപ്പോൾ സംസ്കൃതം മെല്ലെമെല്ലെ ഉള്ളോട്ടു് വലിയാൻ തുടങ്ങി. ചുരുക്കത്തിൽ വിദ്യാഭ്യാസത്തിന്റെ നിൎവ്വചനം ഇംഗ്ലീഷ്പഠനം എന്നതു്വരെ ചുരുങ്ങി. മറ്റെന്തു പഠിച്ചാലും എത്ര ഉയൎന്ന പണ്ഡിതനായാലും അഭിനവാഭ്യസ്തവിദ്യർ അത്തരക്കാരെ പാശ്ചാത്യ വിദ്യാഭ്യാസാഭാവത്തിൽ നിസ്സാരന്മാരായി തള്ളി. ഇന്നു് പ്രാദേശിക ഭാഷകൾ അദ്ധ്യയനഭാഷയുടെ സ്ഥാനം വഹിച്ചിട്ടുണ്ടു്; ഹിന്ദി രാഷ്ട്രഭാഷയായി അവരോധിക്കപ്പെട്ടിട്ടുണ്ടു്; പക്ഷെ ഇംഗ്ലീഷിന്നാണു് പ്രഥമഗണന. ആ വക വൈരുദ്ധ്യങ്ങളിലേക്കൊന്നും തല്ക്കാലം തിരിയുന്നില്ല.

ആംഗ്ലേയവാണി തന്റെ സമസ്തപ്രഭാവവും പ്രകടിപ്പിച്ചുകൊണ്ടു് ഇന്ത്യൻ ഭാഷകളെ കുതിരകയറി നടന്നപ്പോഴും പൌരാണികസമ്പ്രദായത്തെ

സംരക്ഷിച്ചുകൊണ്ടു് ഇവിടെ അനവധി സംസ്കൃത പാഠശാലകളും ഗുരുകുലങ്ങളും അത്ഭുതാവഹമായ മട്ടിൽ നിലനിന്നിരുന്നു. സംസ്കൃതപഠനത്തിനപ്പുറം മറെറാന്നും തന്നെ അവയുടെ അന്തരീക്ഷത്തിലുണ്ടായിരുന്നില്ല. തന്മൂലം ആധുനിക യുഗത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും അവിടത്തെ അന്തേവാസികൾക്കു് അജ്ഞേയമായിരുന്നു. നൂററാണ്ടുകൾക്കപ്പുറം ജീവിക്കേണ്ടിയിരുന്ന, ഇന്നത്തെ ലോകത്തിലേക്കു് പററാത്ത ഒരു വർഗ്ഗക്കാരായിട്ടാണു് അവർ രംഗപ്രവേശനം ചെയ്തതു്. അല്ലെങ്കിൽ അവർ ഒരിക്കലും അഭിനവ സമുദായത്തിൽനിന്നു് ഒററപ്പെട്ടു് നില്ക്കേണ്ടിവരുമായിരുന്നില്ല. തച്ചുശാസ്ത്രം, ആയുർവ്വേദം ജ്യോതിഷം മുതലായ സാങ്കേതിക പഠനത്തിന്നും അനുനിമിഷം അത്യതിശയകരമായ വിധം വളൎന്നുവരുന്ന നൂതനശാസ്ത്രങ്ങളുടെ വേയേററം ഒരു വമ്പിച്ച വിഘ്നമായിത്തീൎന്നു. ജീവിതോപയോഗിയല്ലാത്ത ഒരു വിദ്യാഭ്യാസവുമായി വിദ്യാൎത്ഥികൾക്കു് പൊരുത്തപ്പെടാൻ വയ്യെന്നതിനാൽ സംസ്കൃതവിദ്യാഭ്യാസം ദ്രുതഗതിയിൽ ക്ഷയോന്മുഖമായിത്തീരാൻ തുടങ്ങി.

സ്വാതന്ത്ര്യഭാരതത്തിൽ സംസ്കൃതത്തിന്നു് നേരിട്ട ദുരന്തത്തിന്നു് തക്ക പരിഹാരം കണ്ടെപ്പെടുമെന്നു് നാം പ്രത്യാശിച്ചു. പക്ഷെ സ്ഥിതി കൂടുതൽ വഷളായിത്തീരുകയാണു്. ഭാഷാപുനരുദ്ധാരണത്തിന്നുവേണ്ടി പലതും ഗവൺമെണ്ടും വിവിധ സംഘടനകളും കാട്ടിക്കൂട്ടുന്നുണ്ടെന്നല്ലാതെ അതിൽ ആത്മാൎത്ഥതയുടെ കണികപോലുമുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ആധുനിക വിദ്യാഭ്യാസരീതിയുമായി സംസ്കൃതത്തെ കൂട്ടിയിണക്കുന്നതു് നല്ലതുതന്നെ. പക്ഷെ വെളുക്കാൻ തേച്ചതു് പാണ്ടായിത്തീൎന്ന മട്ടാണു് കാണുന്നതു്. പുതിയ കണ്ണികളുടെ മദ്ധ്യത്തിൽ ആ പഴയ കണ്ണി നിഷ്പ്രഭമായിത്തന്നെ നില്ക്കുന്നു. പഴയ കണ്ണിയെ ഒന്നുടച്ചുവാൎത്തു് മിനുക്കി പുതിയവയിൽനിന്നു് തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ കോൎത്തിണക്കിയാലേ അതിന്നു് സാൎവ്വത്രികമായ പുരോഗതിയുണ്ടാവൂ.

സംസ്കൃതപഠനംകൊണ്ടു് കുറെ പാണ്ഡിത്യം മാത്രമുണ്ടാവുമെന്നാണു് എല്ലാവരുടേയും ധാരണ. അതിനപ്പുറം വല്ല മെച്ചവുമുണ്ടാവുമോ എന്നു് പ്രായേണ ജനങ്ങൾ എത്തിനോക്കാറില്ല. ഭാരതത്തിന്റെ സൎവ്വതോമുഖമായ ഐക്യത്തിന്റെ പ്രതീകമാണു് സംസ്കൃതം. ഒരു ജനതയുടെ അഭേദ്യമായ കെട്ടുറപ്പു് എപ്പോഴും അന്തൎലീനമായ സംസ്കാരികസത്തയിലാണു്. അതിലൊട്ടിനില്ക്കാത്ത ദേശാഭിമാനം ലജ്ജാവഹമായ കൃത്രിമനാട്യം മാത്രമത്രെ. പ്രസംഗങ്ങൾ വഴിയായും അൎത്ഥശൂന്യങ്ങളായ പ്രകടനങ്ങൾ വഴിയായും അടിച്ചേല്പിക്കാവുന്ന ഒന്നല്ല ആത്മാഭിമാനം. ദേശസ്നേഹവും സമാധാനവും ഐശ്വര്യവും നിലനില്ക്കണമെങ്കിൽ ആത്മീയൈക്യം കൂടിയേ കഴിയൂ. ഇന്ത്യയിൽ അതുണ്ടാവാൻ, അവളുടെ ആത്മാവു് എവിടെ സ്ഥിതിചെയ്യുന്നുവോ ആ അമരഭാരതിയിൽത്തന്നെ തിരഞ്ഞുനോക്കേണ്ടതാണു്. മനുഷ്യത്വത്തിലുള്ള സകല മാലിന്യങ്ങളേയും കഴുകിക്കളഞ്ഞു് അവിടെ ശാശ്വ

# അത്താന ഗാല വിഹാരം

സിലോണിൽ വിയാംഗോഡ തീവണ്ടിയാപ്പീസിൽനിന്നു് നാലഞ്ചുനാഴികയകലെ ഒരുവലിയ പാറസ്ഥാനം കാണാം. അവിടെയാണു് സുപ്രസിദ്ധമായ "അത്താല ഗാന വിഹാരം" ഈ വിശിഷ്ടവിഹാരം മഹാനായ ഒരു സിംഹള രാജാവിൻെറ സ്മാരകമായി നിർമ്മിച്ചിട്ടുള്ളതാകുന്നു. ഇന്നും സിംഹളന്മാർ ഈ വിഹാരത്തെ അത്യന്തം ഭക്തിബഹുമാനാദരങ്ങളോടുകൂടിയാണു് സ്മരിച്ചുവരുന്നതു്. ഈ വിഹാരത്തിനു് കാരണഭൂതനായ രാജാവിനെപ്പററിയാണു് പുസ്തകത്തിൽ വിവരിക്കുന്നതു്.

ലങ്കാദ്വീപിൻെറ പ്രാചീന തലസ്ഥാനം അനുരാധപുരമായിരുന്നു. ഇന്നും അവിടെ കാണുന്ന അവശിഷ്ടങ്ങൾ അതു് ഒരു മഹാനഗരമായിരുന്നുവെന്നു്

---

തമായ പാവനപ്രേമം പകൎന്നുകൊടുക്കാൻ ലോകത്തിൽ ഒരു ഭാഷക്കേ കഴിവുള്ളു. സംസ്കൃതത്തിന്നു്. കരതലാമലകംപോലെ അക്കാര്യം വ്യക്തമായിട്ടും നാമേതോ മൃഗതൃഷ്ണയിൽ മുഴുകിക്കഴിയുന്നതിൻെറ പൊരുളാണു് അത്ഭുതകരം.

സംസ്കൃതം പഠിക്കുക. എന്തിനുവേണ്ടി? നമ്മിളിലുള്ള നമ്മെ കണ്ടെത്തുവാൻ; ദൌർബ്ബല്യങ്ങളെ ആട്ടിയോടിച്ചു് "സോ f ഹം" തത്വത്തിൻെറ മഹിമ ആസ്വദിക്കാൻ; നാമെന്തുമാണെന്നും എന്തും നാമാണെന്നുമുള്ള സത്യം കണ്ടെത്തുവാൻ; ഉദാര പാവന വിശ്വപ്രേമത്തിൻെറ മാധുര്യം നുകരാൻ; ഒന്നിച്ചിരുന്നു് "ലോകാസ്സമസ്താ സുഖിനോ ഭവന്തു" എന്നു പാടുവാൻ; കളങ്കമററ സംസ്കാരത്തിൻെറ വിസ്തൃതവിഹായസ്സിലേക്കുയരാൻ; ഈശ്വരനുമായി താദാത്മ്യം പ്രാപിക്കാൻ; അങ്ങിനെ എന്നുമെന്നും നിവൃതിനേടാൻ. ഈ ശക്തി സംസ്കൃതത്തിന്നു്—ഇന്ത്യയുടെ ആത്മാവിന്നു്—ഉണ്ടെന്നു് കണ്ടിട്ടുതന്നെയാണു് ലോകം സമാധാനത്തിൻെറ കൈക്കുമ്പിളുമായി നമ്മുടെ പടിക്കൽ വന്നു് നില്ക്കുന്നതു്.

അതോടൊപ്പം കാലത്തിൻെറ പുരോഗതിയനുസരിച്ചു് നാം നീങ്ങേണ്ടതുമുണ്ടു്. സംസ്കാരത്തിൻെറ അഭിവൃദ്ധി കാംക്ഷിക്കുന്നവർ പ്രസംഗം നിറുത്തി പ്രവൃത്തിരംഗത്തിലേക്കിറങ്ങേണ്ടിയിരിക്കുന്നു. ആധുനികങ്ങളായ ശാസ്ത്രങ്ങളുമെല്ലാം സംസ്കൃതത്തിലും പ്രതിബിംബിക്കണം. ഇതരഭാഷകളിലെ വിശിഷ്ടകൃതികളെല്ലാം ഭാഷാന്തരം ചെയ്തു് സംസ്കൃതത്തെ കൂടുതൽ സമ്പുഷ്ടമാക്കണം. എന്നാലേ ഇന്നത്തെ ജഗത്തുമായി ഗൈർവാണി ഇണങ്ങിച്ചേരു. ഭാരതത്തിൻെറ ഐശ്വര്യത്തെ അഭിലഷിക്കുന്നവരും, ആത്മാഭിമാനമുള്ളവരും അതാണു് ചെയ്യേണ്ടതു്.

—*—

തെളിയിക്കുന്നുണ്ടു്. തൊണ്ണൂറു് രാജാക്കന്മാരിരുന്നരുളിയ സ്ഥലം എന്നാണു് അനുരാധപുരം എന്ന പദത്തിന്റെ അർത്ഥം. ഈ തൊണ്ണൂറിൽ ഭൂരിപക്ഷം രാജാക്കന്മാരും സിംഹളരാജാക്കന്മാരെ കീഴടക്കി രാജ്യം ഭരിച്ചിരുന്ന പാണ്ഡ്യരാജാക്കന്മാരാണു്. അനുരാധപുരത്തിന്നടുത്തു് "തീസ്സാവീവ" എന്നൊരു വലിയ തടാകം കാണാം.

ഒരു ദിവസം ലങ്കയിലെ ഏററവും പ്രബലവും കുലീനവുമായ "ലംബാഗാനം" കുടുംബത്തിൽപെട്ട മൂന്നു പ്രഭുക്കന്മാർ രാജാവിനെകണ്ടു വന്ദിക്കുവാൻ അനുരാധപുരത്തേക്കു പോകയായിരുന്നു. അവർ "മഹിയൻഗാമ" അഥവ "ബിൻററന്നി"യിൽനിന്നു വരുന്നവരാണു്. അവർ തീസ്സവീവ തടാകത്തിന്നരികെ കൂടിയാണു് നടന്നുപോയതു്. ആ തടാകക്കരയിൽ വൃദ്ധനും കുരുടനുമായ ഒരു ദിവ്യ ജ്യോതിഷിയിരിക്കുന്നതു അവർ അത്ര സൂക്ഷ്മമായി ശ്രദ്ധിച്ചില്ല. അവർ ഓരോരുത്തരുടേയും കാലടിശബ്ദത്തിൽ നിന്നു അവരുടെ ഭാവിഫലം ആ കുരുടൻ ജ്യോത്സ്യർ മനസ്സിലാക്കി ഇപ്രകാരം പറഞ്ഞു "ഇതാ പോകുന്നു രാജാക്കന്മാരാകുവാൻ ഭാഗ്യമുള്ള മൂന്നു പ്രഭുക്കന്മാർ." മുമ്പിൽ കടന്നുപോയ രണ്ടാളുകളും ഇതു കേട്ടില്ല; പിന്നിലുണ്ടായിരുന്ന "ഗോതഭയൻ" എന്നാൾ അതു കേട്ടു. അദ്ദേഹം കുരുടൻജ്യോത്സ്യരുടെ അടുത്തു വന്നു. "ആ മൂന്നു പേരിൽ ആരായിരിക്കും അധികകാലം രാജ്യം ഭരിക്കുക" എന്നു ചോദിച്ചു. അതിന്നു മറുപടിയായി, "ഒടുവിൽ നടന്നവൻ" എന്നു ജ്യോത്സ്യർ പറഞ്ഞു. ഗോതഭയൻ ഈ വിവരം ഗൂഢമായിവെച്ചതേയുള്ളു.

ആ മൂന്നു പ്രഭുക്കന്മാരും രാജഗൃഹത്തിലെത്തി. രാജാവു അവരെ യഥോചിതം സല്ക്കരിച്ചു. അദ്ദേഹം ഓരോരുത്തർക്കും ഉയർന്ന പദവിയിലുള്ള ഓരോ ഉദ്യോഗം നല്കി ബഹുമാനിച്ചു. എന്നാൽ ഒന്നുരണ്ടു മാസത്തിനകം മുമ്പിൽ നടന്ന ഒരാളുടേയും ഏററവും ഒടുവിൽ നടന്നവന്റേയും ഗൂഢാലോചനയുടെ ഫലമായി രാജാവു വധിക്കപ്പെട്ടു. മൂന്നുപേരിൽ വയസ്സുമൂപ്പുള്ള "സംഗതിസ്സൻ" രാജാവായി.

ആ രാജ്യത്തുണ്ടാകുന്ന അപൂർവ്വവും രുചിയേറിയതുമായ ജംബുപകം സംഗതിസ്സന്നു ഏററവും പ്രിയപ്പെട്ടതായിരുന്നു. അനുരാധപുരത്തു നിന്നു് കുറെ അകലെ ഒരു ദിക്കിൽ ഈ ഫലമുണ്ടെന്നറിഞ്ഞു അതു പറിച്ചു വാടിപ്പോകാതെ തിന്നാനുള്ള അത്യാഗ്രഹം നിമിത്തം രാജാവും പരിവാരങ്ങളും മാസംതോറും അവിടെച്ചെന്നു പാളയമടിച്ചിരിക്കും. പരിവാരസമേതം രാജാവിന്റെ പോക്കുവരവിനുള്ള എല്ലാം ചിലവുകളും ആ നാട്ടിലെ പ്രജകൾ വഹിക്കേണ്ടതാണെന്നാണു് രാജകല്പന. ഇതിന്നുപുറമെ അവിടത്തെ നിവാസികളെ കണക്കിലേറെ ഞെക്കിപ്പിഴിഞ്ഞു പണമായും മററു സാധനങ്ങളായും നിർബ്ബന്ധിച്ചു പിരിച്ചെടുത്തുകൊണ്ടുപോവുകയായിരുന്നു പതിവു്. ഇത്തരത്തിലുള്ള രാജദ്രോഹംകൊണ്ടു പൊറുതിമുട്ടിയ ജനങ്ങൾ ഏകോപിച്ചു് ഗൂഢമായി രാജാവു തിന്നുന്ന പഴങ്ങളിൽ വിഷംകലർത്തി രാജാവിനെ കൊന്നു. സം

ഗതിസ്സൻ നാലുകൊല്ലം രാജാവായി വാണു.

സംഗതിസ്സനുശേഷം ശ്രീസംഗബൃവെന്നാളാണു് രാജാവായതു്. അദ്ദേഹം വലിയ ദൈവഭക്തനും, മതവിശ്വാസിയും, സർവ്വോപരി ഏററവും വലിയ ദയാലുവുമായിരുന്നു. ഇദ്ദേഹത്തിൻെറ ഭരണാരംഭത്തിൽ മഴയില്ലാതെ ജനങ്ങളാകമാനം വളരെ കഷ്ടത്തിലായി. പക്ഷിമൃഗാദികൾ പോലും വെള്ളം കിട്ടാതെ ദാഹിച്ചു മരിച്ചുതുടങ്ങി. ഈ വിവരം രാജാവറിഞ്ഞു. അദ്ദേഹം ഭക്തിപൂർവ്വം കരഞ്ഞു ദൈവത്തെ പ്രാർത്ഥിച്ചതിൻെറ ഫലമായി മഴപെയ്യുകയും ജനങ്ങളെല്ലാം ആഹ്ലാദഭരിതരാവുകയും ചെയ്തു. അധികം താമസിയാതെ "ചെങ്കണ്ണുപ്ലേഗ്" എന്ന ഒരുതരം ഭയങ്കരവ്യാധി നാടെങ്ങും പരന്നു. കണ്ണിൽ ഒരു ചുവപ്പുവരും, ഉടനെ മരിക്കും. ഇതാണു് രോഗത്തിൻെറ പ്രകൃതി. ഈ മഹാവ്യാധിക്കു ഒരു പ്രതിവിധിയും ആരും കണ്ടില്ല. ലങ്കയിലെ ആദിമനിവാസികളായ യക്ഷന്മാരുടെ കുലദൈവങ്ങളുടെ ക്ഷോഭമാണിതിനു കാരണം എന്നു രാജാവു മനസ്സിലാക്കി. ഉടനെ അദ്ദേഹം യക്ഷദേവതകളുടെ പ്രീത്യർത്ഥം അനേകം വഴിപാടുകളും, ബലികർമ്മങ്ങളും, കൂത്തു്, ആട്ടം, പാട്ടു് മുതലായവയും നടത്തി. രാജ്യം രോഗബാധയിൽനിന്നു മോചിക്കപ്പെട്ടു. സിംഹളന്മാരുടെ ഇടയിൽ ഇന്നു കാണുന്ന നൃത്തം, ആട്ടം, പാട്ടു്, കൂത്തു് മുതലായവ അന്നുമുതല്ക്കാണു് ആരംഭിച്ചിട്ടുള്ളതു്.

ശ്രീസംഗബൃ രാജാവിനു ഹിംസ എന്ന ശബ്ദം കേൾക്കുക കൂടി വയ്യായിരുന്നു. അദ്ദേഹം നായാട്ടു്, ജന്തുവധം മുതലായവ ഖണ്ഡിതമായി നിരോധിച്ചു. ഈച്ച, കൊതു, ഉറമ്പു മുതലായ നിസ്സാരജീവികളെ ഉപദ്രവിക്കുന്നതുപോലും അദ്ദേഹത്തിനു ദുസ്സഹമായിരുന്നു. നടന്നുപോകുമ്പോൾ അറിയാതെ വല്ല ഉറമ്പിനെയോ മററോ ചവുട്ടി കൊല്ലാതിരിക്കാൻ വേണ്ടി അദ്ദേഹം സദാ ഒരു മയിൽപ്പീലിക്കെട്ടു കയ്യിൽ പിടിച്ചു്, അതുകൊണ്ടു പതുക്കെപ്പതുക്കെ മുൻവശം അടിച്ചു അതിന്മേൽ അടിവെച്ചുകൊണ്ടായിരുന്നു നടന്നതു്. കുടിക്കുന്ന ജലത്തിൽ നേത്രങ്ങൾക്കഗോചരമായ ചെറുകൃമികളുള്ളതിനെ പോലും ഹിംസിക്കാതിരിക്കാൻ ഒരു വെള്ളം അരിപ്പയിൽ കൂടിയാണു് അദ്ദേഹം പാനം ചെയ്തതു്.

ഇത്രയും ദയാലുവായ ഒരു രാജാവു് നീതിന്യായ പരിപാലനത്തിനു് പററിയവനല്ല. നിയമാനുസരം രാജാവു് രക്ഷാശിക്ഷകൾ നടത്തുവാൻ കടപ്പെട്ടവനാണല്ലോ. അവിടെ പുണ്യപാപങ്ങളുടെ ചിന്തക്കവകാശമില്ല. എന്നാൽ ഇത്രയും വലുതായ ആ പുണ്യാത്മാവിനു് രണ്ടുകൊല്ലം മാത്രമേ രാജാവായി വാഴുവാൻ സാധിച്ചുള്ളു.

ശ്രീ സംഗബൃ രാജാവിൻെറ ഖജനാസൂക്ഷിപ്പുകാരനായിരുന്നു തടാകക്കരയിലുള്ള ജ്യോത്സ്യരുടെ അടുക്കൽ ചെന്നു് ഭാഗ്യാന്വേഷണം നടത്തിയ ഗോദഭയൻ. ഇദ്ദേഹം രാജാവിൻെറ ദയാവായ്പിനെ ആധാരമാക്കി, അതുതന്നെ തരം എന്നു് കരുതി യുദ്ധസന്നദ്ധനായി ബിൻററനിയിൽ നിന്നു് ഒരു

വമ്പിച്ച പടയോടുകൂടി വന്നു. രാജാവു് യുദ്ധംകൊണ്ടുള്ള രക്തച്ചൊരിച്ചൽ കാണ്മാൻ നില്ക്കാതെ തന്റെ വെള്ളംഅരിപ്പാമാത്രം കയ്യിലെടുത്തു് നാടുവിട്ടു് ഒളുവിൽ പോയി. ഗോഠഭയൻ രാജാവായി. അദ്ദേഹം ആദ്യംതന്നെ വിളംബരം ചെയ്തതു് ശ്രീ സംഗബുവിന്റെ തല വെട്ടിക്കൊണ്ടുവരുന്നാൾക്കു് ലക്ഷം കനകം സമ്മാനം കൊടുക്കുന്നതാണെന്നായിരുന്നു. പണത്തിനുള്ള ദുരകൊണ്ടു് പലരും ശ്രീ സംഗബൂവെന്നു് സങ്കല്പിച്ചു് നിരപരാധികളായ അനേകം ബുദ്ധസന്യാസിമാരെ കൊന്നു; പക്ഷെ ആക്കും സമ്മാനം ലഭിച്ചില്ല. ഗോഠഭയന്നു് ശ്രീ സംഗബൂവിനെ നല്ലവണ്ണം അറിയാമായിരുന്നു.

ഗോഠഭയൻ രാജാവായി അനുരാധപുരത്തിരുന്നരുളുമ്പോൾ സാധു ശ്രീ സംഗബൂ അത്താനഗാലയിലെ പാറയിടുക്കുകളിൽ ഒളിച്ചു് കഴിഞ്ഞുകൂടുകയായിരുന്നു. അദ്ദേഹം ഒരു ദരിദ്രനായ ഗ്രാമീണന്റെ കൂടെയായിരുന്നു ഭക്ഷണം കഴിച്ചിരുന്നതു്. ഒരു ദിവസം ആ ഗ്രാമീണൻ സംഗതിവശാൽ രാജവിളംബരത്തെപ്പററി ശ്രീ സംഗബൂവിനോടു് പറഞ്ഞു. രാജകല്പനയനുസരിച്ചു് ശ്രീ സംഗബൂവിന്റെ തല കിട്ടുന്നതായാൽ അതിനെ രാജാവിനു് കാഴ്ചവെച്ചു് ആ വമ്പിച്ച സമ്മാനം നേടി തന്റെ ദാരിദ്ര്യത്തിനു് അറുതി വരുത്താമെന്നുള്ള ആയാളുടെ ആഗ്രഹവും പറഞ്ഞു. ഈ വിവരം കേട്ടപ്പോൾ ശ്രീ സംഗബൂവിന്നു് യാതൊരു പരിഭ്രമവുമുണ്ടായില്ല. ഏതാനും കാലം ഭക്ഷണം തന്നു് തന്നെ രക്ഷിച്ചവന്റെ ദാരിദ്ര്യശമനത്തിനു് നിസ്സാരമായ തന്റെ തല ഉപകരിക്കുമെങ്കിൽ അതു് വലുതായ പുണ്യമാണെന്നു് ശ്രീ സംഗബൂ തീർച്ചയാക്കി. അദ്ദേഹം യാതൊരു വികാരവും കൂടാതെ താനാണു് ആ ശ്രീസംഗബൂവെന്നും തന്റെ ശിരസ്സു് വെട്ടിയെടുത്തു് രാജാവിനു് കൊടുത്തു് ധനം നേടി സുഖമായിരിക്കണമെന്നും ആ ഗ്രാമീണനോടു് പറഞ്ഞു. യഥാർത്ഥ ശ്രീ സംഗബൂ ഇത്രകാലവും തന്റെ അതിഥിയായിരുന്ന ആളാണെന്നു് മനസ്സിലായപ്പോൾ ഗ്രാമീണൻ ഭയപ്പെട്ടു് ശിരസ്സറുക്കാൻ തുനിയാതെ ഓടിപ്പോയി. ശ്രീ സംഗബൂ അയാളെ തിരികെ വിളിച്ചു. "നിങ്ങൾക്കു് എന്റെ ശിരസ്സു് വെട്ടുവാൻ മടിയുണ്ടെങ്കിൽ ഞാൻ മരിക്കാം. ആ ശവത്തിൽനിന്നു് വെട്ടിയെടുത്തു് രാജാവിനു് നല്കൂ" എന്നു പറഞ്ഞു യോഗബലംകൊണ്ടു് അദ്ദേഹം മൃത്യുവിനെ വരിച്ചു. ആ ശവത്തിൽ നിന്നു് ശിരസ്സിനെ വേർപെടുത്തി ഗ്രാമീണൻ രാജാവിനു് കൊടുത്തു് സമ്മാനം നേടി സുഖമായിരുന്നു.

പുണ്യവാനായ ശ്രീ സംഗബൂവിന്റെ സ്മാരകമായി ഗോഠഭയൻ ആ സ്ഥലത്തു് രണ്ടു് നിലയിലുള്ള ഒരു വിഹാരം പണിഞ്ഞു. അതാണു് അത്താലഗാല വിഹാരം. ഇന്നും ഈ വിഹാരത്തെ സിംഹളർ അതിപാവനമായിത്തന്നെ കരുതിവരുന്നുണ്ടു്.

# പുസ്തകാഭിപ്രായം

1. *ആനന്ദഗീതങ്ങൾ* (ഒന്നാം ഭാഗം) ഗ്രന്ഥകർത്താവ്: ശ്രീരാമാനന്ദ. ശ്രീ ശിവാനന്ദാശ്രമം. ഋഷികേശം. വില 0. 75ന.പ

ഋഷികേശം ശിവാനന്ദ നഗറിലുള്ള യോഗവേദാന്ത അരണ്യ അക്കാദമിയിൽനിന്നു മഞ്ജരി വൃത്തത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത പുസ്തകത്തിൽ ഗംഗ, ഹിമാലയത്തിലെ യോഗിവര്യൻ, ശിവാനന്ദാശ്രമം, ഉപദേശഗീതം, ഗുരുദേവന്റെ ദിനചര്യ, നാലു മഹാവാക്യങ്ങൾ, പോത്തായ്‌വന്ന ശ്രീരാമൻ, സംസാരവൃക്ഷം, ശ്രീരാമഹനുമൽ ബന്ധം, തത്വോപദേശങ്ങൾ, യാജ്ഞവൽക്യമൈത്രേയീ സംവാദം, എന്നിങ്ങനെ പതിനൊന്നു വിഷയങ്ങൾ മാത്രമെ കാണുന്നുള്ളു. അവതാരികയിൽ പറയുന്ന കർണ്ണന്റെ അജ്ഞൻ, അശോകവനത്തിലെ സീത, മനുഷ്യൻ—സൃഷ്ടിമാഹാത്മ്യ മകുടമാണിക്യം, കലികന്മഷനാശനൻ എന്നീ നാലുവിഷയങ്ങൾ കാണുന്നില്ല.

ഇതിലെ ഓരോ വിഷയവും അതതിന്റെ മാഹാത്മ്യമനുസരിച്ച് ലളിതമായി വിവരിച്ചിട്ടുള്ള ഈ ലഘുകൃതി ജനസാമാന്യത്തെ സന്മാർഗ്ഗനിരതരാക്കി, അവരുടെ ഹൃദയത്തിൽ ഭക്തി ജനിപ്പിക്കുവാൻ പര്യാപ്തമായി കാണുന്നതിൽ ഞങ്ങൾക്കു അതീവസന്തോഷമുണ്ട്. ഇത്തരം പുസ്തകങ്ങൾ ഭക്തമണ്ഡലത്തിന്നൊരനുഗ്രഹമായിരിക്കും. ശ്രീ സ്വാമി ജ്ഞാനാനന്ദസരസ്വതിയുടെ സാരഗർഭമായ അവതാരിക അത്യന്തം സരസമായിട്ടുണ്ട്. മുഖവുര ദ്വാരേണ പരമഹംസ പരിവ്രാജകാചാര്യ സ്വാമി ശ്രീ ശിവാനന്ദദിവ്യയോഗിയുടെ അനുഗ്രഹം ഇതു വായിക്കുന്ന ഏവക്കുമുള്ള ഒന്നാകയാൽ അതുതന്നെ വായനക്കാരുടെ മഹാഭാഗ്യമായി കരുതണം.

“ശങ്കരവേദാന്തപാരാവാരത്തിലലങ്കരിച്ചുള്ള കാമധേനു”വായ ആ അദ്വൈതമൂർത്തി (ശ്രീശിവാനന്ദഗുരു)യുടെ ചില ഉപദേശങ്ങളും ലേഖനങ്ങളുമാണ് ഇതിലെ പ്രധാന കവിതകൾക്കുള്ള അവലംബം. “ശിവാനന്ദാശ്രമം” എന്ന വിഷയം വായിക്കുന്ന ഏതൊരാൾക്കും അവിടെ ചെന്നു കുറെ ദിവസമെങ്കിലും ശാന്തരായിരുന്നു ഭജനം നടത്തുവാൻ ആഗ്രഹം ജനിക്കാതിരിക്കയില്ല. ഇതിലെ നാലു മഹാവാക്യങ്ങളും, തത്വോപദേശങ്ങളും മനഃപാഠമാക്കി ശ്രീ ഗുരുദേവന്റെ ദിനചര്യയെ ആവുംവിധം അനുകരിച്ചു ജീവിതം നയിക്കുവാൻ തയ്യാറാകുന്നവക്കു നിത്യാനന്ദമായിരിക്കും ഫലം എന്നുറപ്പിച്ചു പറയാം.

2. *യോഗസാരാമൃതം* : മൂലം: സ്വാമി ശ്രീ ശിവാനന്ദൻ. വിവത്തനം: അധ്യാത്മരത്നം പി. കെ. ദിവാകരക്കൈമ്മൾ, പ്രസിദ്ധീകരണം: അഖിലഭാരത ശിവാനന്ദ സാഹിത്യപ്രചാരസമിതി, ഋഷികേശം. വില ക 1-00.

ഈ ഗ്രന്ഥത്തിൽ 9 അദ്ധ്യായങ്ങളിലായി അദ്ധ്യാത്മപരങ്ങളായ എഴുപതു് പ്രൌഢവിഷയങ്ങളെ വെറും സാധാരണക്കാക്കുപോലും ഒരിക്കൽ വായിച്ചാൽ മനസ്സിൽ ദൃഢമൂലമാകത്തക്കവിധം അതി ലളിതവും സരസവുമായിട്ടാണു് വിവൎത്തനം ചെയ്തിട്ടുള്ളതു്. ഇതിലെ ഓരോ വിഷയവും ദിവ്യശ്രീ ശിവാനന്ദ മഹർഷിവര്യന്റെ മുഖാരവിന്ദത്തിൽ നിന്നുമൂറിയ അമൃത ബിന്ദുക്കളാണു്; പുഴുവിനെപ്പോലും ബ്രഹ്മപദത്തിലേക്കുയൎത്തുവാൻ പര്യാപ്തമായതു്; നാസ്തികനും ആസ്തികനും സ്ത്രീയും പുരുഷനും—ചിലതു് കുട്ടികൾക്കും കൂടി ഒഴിച്ചുകൂടാത്തതു്; ജാതിമത വ്യത്യാസമില്ലാതെ ഏവരും സശ്രദ്ധം വായിക്കേണ്ടതു്.

യോഗശാസ്ത്രം എന്നു് കേൾക്കുമ്പോൾതന്നെ മുഖം ചുളുക്കുന്നവരും, വിരണ്ടോടുന്നവരും ഈ പുസ്തകം ഒരാവൎത്തി വായിച്ചുനോക്കട്ടെ. അപ്പോളറിയാം അവൎക്കു് അതുകാലവും പററിപ്പോയ വിഡ്ഢിത്തത്തിന്റെ വലുപ്പം.

പ്രാൎത്ഥന, ജപം, ധ്യാനം, സങ്കീൎത്തനം ഇവയിലേതെങ്കിലുമൊന്നുകൊണ്ടുതന്നെ ആത്മസാക്ഷാൽക്കാരം ലഭിക്കുമെന്നിരിക്കെ ഇവനാലും പരിശീലിക്കുന്നവരുടെ കാൎയ്യം പറയേണ്ടതില്ലല്ലോ. ഈ വിഷയങ്ങളെ ഇക്കാലത്തേക്കനുയോജ്യമായ വിധം എത്ര സരസമായിട്ടാണു് ഇതിൽ വിവരിച്ചിട്ടുള്ളതു്!

ഭഗവാൻ പ്രേമസ്വരൂപനാണു് എന്നാൽ ആ "പ്രേമം" എന്താണു്? ഈ പുസ്തകം പഠിക്കുക. നിസ്സംശയം ആ പ്രേമം നിങ്ങൾക്കു കാണാം, നേടാം. ഈശ്വരനെക്കൂടി സിദ്ധിക്കാം.

ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള "അദ്ധ്യാത്മസാധന"യും, "സാധനാസാരവും പഠിച്ചു്, "സാധകന്മാരുടെ വഴികാട്ടി"യെ അനുഗമിച്ചു് ജീവിതം നയിക്കുന്നവൎക്കു് യാതൊരുകാലത്തും അധഃപതനമുണ്ടാകയില്ല, അവർ ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകതന്നെ ചെയ്യും.

തൂക്കം പൊന്നുകൊടുത്താലും നഷ്ടമില്ലാത്ത ഈ വിശിഷ്ട പുസ്തകം ഏവരും ഓരോ പ്രതി ഉടനെവാങ്ങി വായിച്ചു് മനുഷ്യസൃഷ്ടിയുടെ മാഹാത്മ്യത്തെ വെളിപ്പെടുത്തി പരമഭാഗ്യവാന്മാരായി തീരുക എന്നു മാത്രമേ ഞങ്ങൾക്കു് പറയാനുള്ളു.

പ്രഭുക്കന്മാർ ഇത്തരം പുസ്തകങ്ങൾ കുറെ വാങ്ങി ദരിദ്രന്മാരായ സഹോദരന്മാൎക്കു് ദാനം ചെയ്യുന്നതു് ഒരു വലുതായ ഭഗവൽ സേവനമായിരിക്കും.

മേലെഴുതിയ രണ്ടു് പുസ്തകങ്ങളും "ശ്രീ ശിവാനന്ദ ഗ്രന്ഥാലയം; ഹേമാംബിക നഗർ, പാലക്കാട്—2. (കേരളം) എന്ന മേൽവിലാസത്തിൽ എഴുതി ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

ശിവാനന്ദ സാഹിത്യപ്രചാരസമിതി ഇതുപോലുള്ള സദ്ഗ്രന്ഥങ്ങൾ വൎഷത്തിൽ രണ്ടുവീതം പ്രസിദ്ധപ്പെടുത്തുമെന്നറിയപ്പെടുന്നതു് പരമാനന്ദം തന്നെ. അവൎക്കു് അതിനുവേണ്ട ഒത്താശകൾ ഭഗവാൻ നല്കാതിരിക്കയില്ല.

—*—